


## 40 – ാം ചരമദിനം

14 – 06 – 2019



# K. U. MATHEWKUTTY
# (KUNJUMON)

**Pazhayakalam, Neysseril**
**Kurichy**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ, പ്രാർത്ഥനകളോടുകൂടി

ഭാര്യ – ജയിനമ്മ മാത്യു
മക്കൾ – പ്രവീൺ മാത്യു, പ്രദീഷ് മാത്യു
മരുമക്കൾ – ഷൈനി പ്രവീൺ, ഹണി പ്രദീഷ്
കൊച്ചുമക്കൾ – ജെസ്ലിൻ, ജെറിൻ, ജെനീസ്

Advt - R

ക്നാനായ ദീപം
SINCE 1989
2019 ജൂൺ പുസ്തകം 30 ലക്കം 6
മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

**Visit www.knanayadeepam.com**

## ഉള്ളടക്കം

എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

പെന്തക്കോസ്തി പെരുന്നാൾ 08
ഓമന സഖറിയ

ഡോക്ടർ ആകണോ എഞ്ചിനീയർ ആകണോ 09
ഡോ. സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോടത്തിൽ

പച്ചയായ പുൽപ്പുറങ്ങൾ 17
എബ്രഹാം കല്ലിശ്ശേരി

1674-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം 18
റോയി പുത്തൻപുരയ്ക്കൽ

മൂന്ന് വിശിഷ്ട സന്ദർശകർ 21
സി. ഐ. ചാക്കോ

ചരിത്രസാക്ഷ്യത്തിന്റെ അലങ്കാരമായ സെന്റ് പീറ്റേഴ്സ് ചാപ്പൽ 22
മനോജ് പാലക്കുടിയിൽ

സീനിയർ സിറ്റിസൺഷിപ്പ് ആക്ട് 24
അഡ്വ. ഷാർലോ ജോർജ്ജ്

കാല്പാടുകൾ 25
എബി

മലർവാടിക്കൂട്ടം 26

മാട്രിമോണിയൽ 39

മാധവം (കവിത) 42
മന്നാ റെജി

മല്പാനോട് ചോദിക്കാം 43

സുവിശേഷം (കവിത) 44
ജയ്നമ്മ മർക്കോസ്

ലെബനോൻ യാത്ര 45
ആലിച്ചൻ ആറൊന്നിൽ

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ലോകം ശാസ്ത്രീയമായി അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ മറ്റ് ഗ്രഹങ്ങളിലേക്ക് യാത്ര ചെയ്യുവാൻ തയ്യാറാകുന്നു. കോടാനുകോടിയെ നിമിഷനേരം കൊണ്ട് നശിപ്പിക്കത്തക്ക ബോംബുകൾ നിർമ്മിക്കുന്നു. അനേകായിരം മൈൽ അകലെയിരുന്ന് മുഖത്തോട് മുഖം കണ്ടു സംസാരിക്കുന്നു. പുരുഷൻ സ്ത്രീയും സ്ത്രീ പുരുഷനുമാകുന്നു. കൃത്രിമമായി ശിശുക്കളെ ജനിപ്പിക്കുന്നു. എന്നുവേണ്ട ആകെക്കൂടെ പറഞ്ഞാൽ ഓരോ നിമിഷം കഴിയും തോറും മനുഷ്യൻ ശാസ്ത്രീയമായി പുരോഗമിക്കുന്നു. പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നു. എന്നാൽ മനുഷ്യ മനസ്സിൽ ശാസ്ത്രീയ ചിന്താഗതികളെക്കാളും മുന്നിട്ടു നിൽക്കുകയാണ് അസമാധാനം. മനുഷ്യൻ സമാധാനത്തിനുവേണ്ടി അങ്ങോട്ടും ഇങ്ങോട്ടും പരക്കംപായുകയാണ്. പക്ഷേ ഈ ലോകത്തിന്റെ പിറകെ പോകുന്നവർക്ക് എങ്ങനെ സമാധാനം ലഭിക്കും. അസമാധാനത്തിന്റെ പ്രത്യക്ഷമായ ഒരു ലക്ഷണമാണ് വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ. ദൈവത്താൽ സൃഷ്ടിച്ച് ഭൂവിലാക്കപ്പെട്ട മനുഷ്യൻ, സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, സ്വയം തന്റെ ജീവനെ നശിപ്പിക്കുക എന്നത് പാപമാണ്. സ്വന്തം സൃഷ്ടാവിനോടുള്ള അവഹേളനമാണ്. സമാധാനത്തിനുവേണ്ടി മനുഷ്യർ മദ്യഷാപ്പുകളെ ആശ്രയിക്കുന്നു. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നത്. “വീഞ്ഞ് പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു. (സദൃശ.20:1) മദ്യത്തെ അഭയം തേടുന്നവർ തികച്ചും നിരാശരാകുകയേ ഉള്ളു. ശാസ്ത്രം മനുഷ്യന് സമാധാനം നൽകുവാൻ പര്യാപ്തമാണോ. നോബൽ സമ്മാനാർഹനായ അലക്സ് പറയുന്നത്. “അമേരിക്കയിൽ ശരാശരി പതിനൊന്നിൽ ഒരാൾവീതം മനോരോഗ ചികിത്സാലയങ്ങളിൽ അന്തേവാസികളാണ് എന്നാണ്. ധനം മനുഷ്യന് സമാധാനം നൽകുവാൻ മതിയായതാണോ. പേരും പെരുമയും അനേക ആരാധകരുമുള്ള എത്രയോ സിനിമാ നടികൾ ആത്മഹത്യ ചെയ്യുന്നു. ഈ ലോകത്തിന്റെ സമ്പത്തു വർദ്ധിക്കുംതോറും സമാധാനം നഷ്ടപ്പെടുകയാണ്. പുവും തുരുമ്പും കൊടുക്കുകയും കള്ളന്മാർ തുറന്നു മോഷ്ടിക്കുകയും ചെയ്യുന്നതാണ് ഈ ലോകത്തിലെ ധനം. അത് ഒരിക്കലും ശാശ്വതമല്ല. ദ്രവ്യാഗ്രഹം മനുഷ്യന്റെ ആയുസ്സിനെ കുറയ്ക്കുന്നു. ദ്രവ്യാഗ്രഹം വെറുക്കുന്നവനോ ദീർഘായുസ്സോടെ ഇരിക്കും. (സദൃ. 28:16) ശാസ്ത്രം, ധനം, വിദ്യാഭ്യാസം ഇവ ഒന്നും മനുഷ്യന് യഥാർത്ഥ സമാധാനം നൽകുവാൻ പര്യാപ്തമല്ല എന്നത് ഒരു സത്യമാണ്. എങ്കിൽ സമാധാനം എവിടെ?

ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം (ലൂക്കോ. 2:14).

ഒരുവൻ കുബേരനോ, കുചേലനോ, പണ്ഡിതനോ, പാമരനോ ശാസ്ത്രജ്ഞനോ സാധാരണക്കാരനോ ആയിക്കൊള്ളട്ടെ. അതിൽ സകല ചരാചരത്തിന്റെയും സൃഷ്ടാവും പരിപാലകനും വീണ്ടെടുപ്പുകാരനുമായ ദൈവം പ്രസാദിച്ചിട്ടുണ്ടോ എങ്കിലവൻ സമാധാന പൂർണ്ണനാണ്. ആകയാൽ സമാധാന പ്രഭുവായ ദൈവപുത്രനിൽ വിശ്വസിക്കാതെ മനുഷ്യന് ശാശ്വതസമാധാനം ലഭിക്കുക തികച്ചും അസാധ്യമാണ്. അതുകൊണ്ട് നാം അവനിൽ വിശ്വസിച്ചാൽ തന്റെ പിതാവിനാൽ പ്രസാദിക്കപ്പെട്ടവരാകും. സമാധാനം പൂർണ്ണമാകും. യേശു ക്രിസ്തു “സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു എന്ന്. (യോഹ.14:27) വാഗ്ദാനം ചെയ്തു. ഈ ക്രിസ്തു ഇന്നും എന്നും ജീവിക്കുന്ന ദൈവം ആകുന്നു. ഭയപ്പെടേണ്ട ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനുമാകുന്നു. ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു എന്ന് അരുളിച്ചെയ്തു.

ആദ്യന്തനും ജീവനുള്ളവനുമായ ക്രിസ്തു ഉണ്ടെന്ന് മനസ്സിലാക്കുന്നതുകൊണ്ട് മാത്രമായില്ല ആ ക്രിസ്തുവിനെ സ്വജീവിതത്തിലേക്ക് കൊണ്ടുവന്ന് ജീവിതത്തിന്റെ കെട്ടുപണികളെ അവന്റെ ഇച്ഛക്കനുസൃതമായി ചെയ്തു തീർക്കുക എന്നതാണ് ഓരോ ക്രിസ്ത്യാനിയുടെയും കടമ. നിരന്തരമായി മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ഇളകാത്ത പാറപോലെ ഉറപ്പായിട്ടുള്ള ക്രിസ്തു എന്ന മഹാശക്തിയുണ്ട്. ആ പാറ വർഷങ്ങളായി കൊടുങ്കാറ്റിൽ നിന്നും, പേമാരിയിൽനിന്നും, സൂര്യതാപത്തിൽനിന്നും, രോഗത്തിൽനിന്നും മനുഷ്യർക്ക് രക്ഷ നൽകുന്ന സങ്കേതമായി തീർന്നിരിക്കുന്നു. ക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻതന്നെ. അനന്യനായ ക്രിസ്തുവിനെ രക്ഷകനായി നാം അംഗീകരിക്കുമ്പോൾ അവൻ ജീവിതത്തിലെ ഒരു അപരിത്യാജ്യ ഘടകമായിത്തീരുന്നു. യേശുക്രിസ്തുവിന്റെ ഇഹവാസകാലത്ത് അവനെ വിശ്വസിക്കുകയും, സ്നേഹിക്കുകയും ചെയ്തവർ സകലവും പരിത്യജിച്ച് അവനെ അനുഗമിച്ചതിൽ ദുഃഖിതരായില്ല. അവന്റെ വാഗ്ദത്തങ്ങളിൽ അവൻ വിശ്വസ്തനാണെന്ന് അവർക്ക് ബോധ്യപ്പെട്ടു. വിവിധ ജീവിത രംഗങ്ങളിലുള്ള സംഖ്യയറ്റ ക്രിസ്തീയ വിശ്വാസികൾ ക്രിസ്തുവിനെ ജീവിക്കുന്ന ഇന്ന് സാക്ഷ്യം വഹിക്കുന്നു. തീരാരോഗികൾ അത്ഭുതകരമായി വിടുവിക്കപ്പെടുന്നു. ദുഃഖിതർ, നിരാശർ, ആശ്വാസം പ്രാപിക്കുന്നു. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും ജീവിക്കുന്നു എന്ന വലിയ ഉറപ്പ് അവർ കണ്ടെത്തിയിരിക്കുന്നു. ഈ യേശുക്രിസ്തു എന്റെ പാറയാകുന്നു ഇന്നും എന്നെന്നേക്കും തന്നെ ആമ്മീൻ.

**എന്ന് നിങ്ങളുടെ സ്വന്തം**
**റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



ലോക രക്ഷിതാവായ മ്ശിഹാ തമ്പുരാൻ മരിച്ചു അടക്കപ്പെട്ടു. മരണത്തെ ജയിച്ചു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. മനുഷ്യവർഗ്ഗത്തെ അവരുടെ പാപങ്ങളിൽനിന്നു മോചിക്കയും മരണത്തിൽനിന്നു വിടുവിക്കയും ചെയ്തു. ഉത്ഥിതനായ കർത്താവ് നാല്പതുനാൾ ശ്ലീഹന്മാർക്കും മറ്റനേകർക്കും പ്രത്യക്ഷപ്പെടുകയും, സഭയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും അവയെല്ലാം ശ്ലീഹന്മാരെ ഭരമേല്പിക്കുകയും ചെയ്തു. നാല്പതാംനാൾ നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തു. സ്വർഗ്ഗാരോഹണത്തിനു മുമ്പ് നമ്മുടെ കർത്താവ് ശ്ലീഹന്മാർക്കു കൊടുത്ത കല്പന "നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവാനാണ് (മത്താ. 28:19-20)

കർത്താവ് താൻ സ്വർഗ്ഗാരോഹണം ചെയ്തതിന്റെ പത്താം ദിവസം, പെന്തിക്കോസ്തി ഞായറാഴ്ച, പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ശ്ലീഹ സമൂഹം ദൈവീക കർമ്മങ്ങളെ ജനത്തോടുപദേശിക്കയും, കർത്താവിന്റെ കല്പന പോലെ പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു തങ്ങളുടെ ദൗത്യം തുടരുകയും ചെയ്തു. മൂവായിരം പേരുടെ കണക്ക് വിശുദ്ധ ഗ്രന്ഥത്തിൽ കാണാം. തുടർന്നു കണക്കു രേഖപ്പെടുത്തുവാൻ സാധിക്കാത്തവിധം ജനം സ്നാനമേറ്റു സഭയോടു ചേർന്നു. ഈ പ്രക്രിയ ഏതാണ്ടു പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം വരെ തുടർന്നു. മുതിർന്നവരെന്നോ ശിശുക്കളെന്നോ വ്യത്യാസമില്ലാതെ സ്നാനം എന്ന ഒരു വാക്കു മാത്രമെ വിശുദ്ധ ഗ്രന്ഥത്തിൽ കാണാനുള്ളു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പാശ്ചാത്യ രാജ്യങ്ങളിൽനിന്നും കടന്നുവന്ന ചില നവീകരണ ഉപദേശകരാണ് മുതിർന്ന സ്നാനം വേണമെന്നു ജനത്തെ തെറ്റിദ്ധരിപ്പിച്ചു തുടങ്ങിയത്. പെന്തിക്കോസ്തുനാളിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു കർത്താവിന്റെ കല്പന പ്രകാരം ത്രിത്വനാമത്തിൽ വി. മാമോദീസാ നടത്തിയ ശ്ലീഹന്മാർ, മുതിർന്നസ്നാനം മാത്രമേ ഞങ്ങൾ നടത്തുകയുള്ളു എന്നു വാശി പിടിച്ചിട്ടില്ല.

മാമോദീസ മൂലം മനുഷ്യർക്കുണ്ടാകുന്ന ദൈവീക നന്മകൾ തിരിച്ചറിഞ്ഞാൽ എല്ലാ പ്രായത്തിലുംപ്പെട്ടവർക്കു സ്നാനം ആവശ്യമെന്നു മനസ്സിലാകും.

ക്രിസ്തുവിനോടു ചേരുവാനും ക്രിസ്തുവിനെ ധരിപ്പാനുമാണ് സ്നാനം എന്ന കൂദാശ നമ്മുടെ കർത്താവ് കല്പ്പിച്ചിരിക്കുന്നത്. (ഗലാ. 3:27, റോമ. 6:3).

ക്രിസ്തുവിനോടു കൂടെ മരിച്ച നാം ക്രിസ്തുവിനോടു കൂടെ സ്നാനത്താൽ കുഴിച്ചിടപ്പെടുന്നു. (റോമ. 6:4).

ഏക മനുഷ്യനാൽ പാപവും പാപത്താൽ ലോകത്തിൽ പ്രവേശിച്ച മരണവും മനുഷ്യനിൽ നിന്നു നീക്കിക്കളയുവാൻ നമ്മുടെ കർത്താവ് മാമോദീസാ എന്ന കൂദാശ സഭയിൽ ഏർപ്പെടുത്തി. (റോമ.5:12-21, അ.പ്ര. 2:38,

പരിശുദ്ധാത്മാവെന്ന ദാനം, സ്നാനമേറ്റ വ്യക്തികൾക്കു മാത്രമേ ലഭിക്കയുള്ളു. അ.പ്ര 2:38).

യേശുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ ഇരിപ്പാൻ നാം മാമോദീസ എന്ന കൂദാശ ഏല്ക്കണം. (എഫേ 2:7).

ഇപ്പറയുന്ന എല്ലാ കൃപാ ദാനങ്ങളും നമ്മുടെ കുഞ്ഞുങ്ങൾക്കും അവകാശപ്പെട്ടതാണ്.

പെന്തിക്കോസ്തിയുടെ നാളിൽ ആരംഭിച്ച കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ പുതിയ നിയമ സഭയുടെ നിഴലായ പഴയനിയമ സഭ ആരംഭിക്കുന്നത് സ്നാനത്തോടുകൂടിയാണ്. ഫറവോന്റെ അടിമത്തത്തിൽ നിന്നു വിടുവിക്കപ്പെട്ട ദൈവജനം ചെങ്കടൽ കടന്നു മറുകര എത്തുന്നതിനെ സ്നാനം എന്നാണ് പരി. പൗലോസപ്പോസ്തോലൻ വിശേഷിപ്പിക്കുന്നത് (1.കൊരി. 10:1-2)

കർത്താവിൽനിന്നു പ്രാപിച്ച അപ്പസ്തോലന്മാരുടെ ഉപദേശം തലമുറതലമുറ കൈമാറി നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നു. ആകയാൽ സംശയലേശമെന്യേ ശ്ലൈഹിക വിശ്വാസത്തിൽ ഉറച്ചു നിൽക്കണം. ദുരുപദേശങ്ങൾക്കു ചെവി കൊടുക്കരുത്.

"നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവീൻ. അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ" (എബ്രാ.13:7).

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**



# സമുദായ വാർത്തകൾ

റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

സമുദായത്തിൽ വളരെ നാളുകൾക്ക് ശേഷം സമാധാനപരമായി ഒരു അസ്സോസിയേഷൻ കൂടുവാൻ സാധിച്ചതിൽ ആദ്യമായി ദൈവത്തെ സ്തുതിക്കുന്നു. പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ ക്ഷണപ്രകാരം സമുദായ നേതൃത്വവും സമുദായ മെത്രാപ്പോലീത്തയും മൂന്നു സഹായമെത്രാപ്പോലീത്തമാരും അമേരിക്കയിലെ പ്രതിനിധികളും ലബനോനിൻ പരി. ബാവായുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ ഫലമായാണ് ഈ ഐക്യം സമുദായത്തിൽ ഉണ്ടാകുവാൻ സാധിച്ചത്.

കൂടാതെ ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടന്ന സിറിയൻ കുടിയേറ്റ വാർഷികത്തിൽ ഈ ഐക്യം നിലനിർത്തുന്നത് നമ്മൾ കണ്ടതാണ്. മൂന്നു തിരുമേനിമാരും ഒരു ഷാൾ പുതച്ചു നിൽക്കുന്ന കാഴ്ച സമുദായ അംഗങ്ങളിൽ ഐക്യത്തിന്റെ കാഹളം ഊതി. അതുപോലെ 29-05-2019 ൽ വള്ളംകുളം മോർ ഏലിയാസ് തൃതീയൻ പള്ളിയിൽവച്ചു ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ, കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്നിവരുടെ കാർമ്മികത്വത്തിൽ റ്റിജു ഏബ്രഹാം ശെമ്മാശന്റെ പട്ടം കൊട ശുശ്രൂഷയിലും ഈ ഐക്യം നാം കാണുകയുണ്ടായി.

ഏതാണ്ട് 18 കോടിയിൽപരം തുകയുടെ 2019-2020 ലെ ക്നാനായ സമുദായ ബഡ്ജറ്റ് പാസ്സാക്കുകയും, ആ ബഡ്ജറ്റിനു നല്ല നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത എല്ലാ അസ്സോസിയേഷൻ അംഗങ്ങളോടും ഉള്ള നന്ദിയും ഈ സമയം അറിയിക്കുന്നു. കൂടാതെ സമുദായത്തിലെ ഭിന്നതകൾ എല്ലാം മറന്ന് സമുദായ അഭിവൃദ്ധിക്കുവേണ്ടി ഒറ്റക്കെട്ടായി അസ്സോസിയേഷൻ അംഗങ്ങൾ പ്രവർത്തിക്കുന്നതാണ് അസ്സോസിയേഷനിൽ നമുക്ക് കാണുവാൻ സാധിച്ചത്. ഈ ഒരു ഐക്യം നമ്മുടെ കൊച്ചു സമുദായത്തിൽ നിലനിൽക്കുന്നതിനും ഭിന്നതകൾ പറഞ്ഞുതീർത്ത് പരിഹാരം ഉണ്ടാക്കി ഒറ്റക്കെട്ടായി മുൻപോട്ടു പോകുന്നതിനും നമുക്കും ഒരുമിച്ചു ശ്രമിക്കാം. നമ്മുടെ ഭരണഘടനയും, അസ്സോസിയേഷനും, ക്നാനായ തനിമയും സുരക്ഷിതമായി നിലനിൽക്കും എന്ന കാര്യത്തിൽ ആർക്കും ഒരു ആശങ്കയും വേണ്ട. സമുദായ മെത്രാപ്പോലീത്തായുടെ പിറന്നാൾ ദിനം എല്ലാ അസ്സോസിയേഷൻ അംഗങ്ങളും ചേർന്ന് ആഘോഷിക്കുവാനും നമുക്കു സാധിച്ചു. ഒത്തൊരുമിച്ചു നിന്നാൽ നമ്മുടെ സമുദായം വലിയ പുരോഗതി നേടും എന്നതിന് സംശയം ഇല്ല.

കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിൽ സമുദായ പുരോഗതിക്കായി പല നല്ല തീരുമാനങ്ങളും എടുക്കുകയുണ്ടായി. അതിൽ പ്രധാനമായ ചിലത് എടുത്തു പറയാതിരിക്കാൻ നിവർത്തിയില്ല.

1. ചിങ്ങവനം മേഖലയിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണമെന്നുള്ളത്, സമുദായാംഗങ്ങളുടെ ചിരകാലാഭിലാഷമാണ്. നെല്ലിക്കലുള്ള സമുദായത്തിന്റെ വക മൂന്ന് ഏക്കറിൽ താഴെയുള്ള സ്ഥലത്ത് ഒരു കോളേജിനു വേണ്ടി ശ്രമിച്ചു എങ്കിലും ഇതുവരെ ഫലപ്രാപ്തിയിലെത്താൻ സാധിച്ചിട്ടില്ല. വിശദമായ അന്വേഷണത്തിൽ 5 ഏക്കർ സ്ഥലമില്ലാതെ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് അനുവാദം ലഭിക്കയില്ല. നെല്ലിക്കലുള്ള സ്ഥലത്തോടു ചേർന്നു 2.25 ഏക്കർ സ്ഥലംകൂടി വാങ്ങുകയോ സൗകര്യപ്രദമായ മറ്റൊരു സ്ഥാനത്ത് 5 ഏക്കറിൽ കുറയാതെ സ്ഥലം വാങ്ങുകയോ ചെയ്തെങ്കിലേ സമുദായത്തിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. ക്നാനായ കമ്മറ്റിയിൽ ഈ വിഷയം ചർച്ച ചെയ്യുകയും, നെല്ലിക്കലെ സ്ഥലത്തോടു ചേർന്ന് ബാക്കി സ്ഥലം ലഭിക്കയാണെങ്കിൽ വാങ്ങുകയോ നിവർത്തിയില്ലാത്തപക്ഷം സൗകര്യപ്രദമായ സ്ഥാനത്ത് പുതിയ സ്ഥലം കണ്ടെത്തുകയോ ചെയ്യണമെന്നു തീരുമാനിച്ചു.

2. വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും റ്റോക്കൺ ആയി ആദ്യവർഷത്തേക്കു 75,00,000/- രൂപാ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നു.

3. ഏകദേശം 105 വർഷത്തെ പഴക്കമുള്ള സെമിനാരി കെട്ടിടം ജീർണ്ണാവസ്ഥയിൽ ആയതിനാൽ പുനരുദ്ധരിക്കേണ്ടത് അത്യാവശ്യമാണ്. ക്നാനായ കമ്മറ്റി ഇക്കാര്യം പരിഗണിച്ച് പുനരുദ്ധാന പ്രവർത്തനങ്ങൾ നടത്തികൊണ്ടിരിക്കുന്നു. 50,00,000/- രൂപാ പുനരുത്ഥാനപ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

4. ക്നാനായ മെഡിക്കൽ സെന്റർ & സേവേറിയോസ് പാലിയേറ്റീവ് കെയർ യൂണിറ്റ് ചിങ്ങവനം

നമ്മുടെ സഭയുടെ വകയായി ചിങ്ങവനത്ത് ഒരു മെഡിക്കൽ സെന്റർ ഉണ്ടാകണമെന്നത് എല്ലാവരുടെയും ആഗ്രഹമായിരുന്നു. ആയതിന് തുടക്കം കുറിച്ചുകൊണ്ട് നമ്മുടെ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ദിനമായ ജനുവരി 15 ക്നാനായ ദിനമായി പ്രഖ്യാപിച്ചിട്ടുണ്ട്. 15-ാമതു മെത്രാഭിഷേകദിനമായ ജനുവരി 15-ാം തീയതി സമുദായത്തിന്റെ വക ചിങ്ങവനത്തുള്ള കെട്ടിടത്തിൽ ക്നാനായ മെഡിക്കൽ സെന്റർ & സേവേറിയോസ് പാലിയേറ്റീവ് കെയർ യൂണിറ്റ് എന്ന പേരിൽ ഒരു ക്ലിനിക്ക് ആരംഭിച്ചു. സെമിനാരിക്കു സമീപം സമുദായത്തിന്റെ പേരിലുള്ള സ്ഥലത്ത് ഒരു ആശുപത്രി പണിതു മെഡിക്കൽ സെന്ററായി ഉയർത്തി എടുക്കുവാനുള്ള കാഴ്ചപ്പാടോടെയാണ് ഇതു തുടങ്ങിയിരിക്കു

ന്നത്. പാലിയേറ്റീവ് കെയർ യൂണിറ്റും ഇതോടൊപ്പം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപാ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

5. നമ്മുടെ പൂർവ്വികർ എ.ഡി 345 ൽ വന്നിറങ്ങിയതായ കൊടുങ്ങല്ലൂരിൽ ക്നാനായ പൈതൃക സ്മാരകം എന്ന പേരിൽ ഒരു സ്മാരകം പണിയുവാൻ വേണ്ടി കായൽ തീരത്ത് സ്ഥലം നമ്മൾ വാങ്ങിയിട്ടുണ്ട്. ഈ സ്ഥലത്ത് എഡേസായിൽ നിന്നുള്ള കുടിയേറ്റത്തിന് നേതൃത്വം കൊടുത്ത വി.ക്നായി തോമ്മായുടെ പേരിൽ പണിയുന്ന സ്മാരകത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ വർഷം പകുതിയോടുകൂടി പണി പൂർത്തീകരിച്ച് സമുദായത്തിന് സമർപ്പിക്കാൻ ദൈവത്തിൽ ശരണപ്പെടുന്നു. ആയതിന്റെ പൂർത്തീകരണത്തിനായി 25 ലക്ഷം രൂപാ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നു.

6. സമുദായത്തിന്റെ ഉടമസ്ഥതയിൽ വടപുറത്തുള്ള മോർ ക്ലീമ്മീസ് യു.പി.സ്ക്കൂൾ പഴയ ബിൽഡിംഗിലാണ് നടത്തിക്കൊണ്ടിരുന്നത്. നവീകരിച്ച കെട്ടിടങ്ങളും കമ്പ്യൂട്ടർ ഫെസിലിറ്റിയും ഇല്ലാത്ത സാഹചര്യത്തിൽ അഫിലിയേഷൻ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായി. തന്നെയുമല്ല പുതിയ കുട്ടികളെ ലഭിക്കയില്ലെന്നും ഉണ്ടായിരുന്ന കുട്ടികളെയും റ്റി.സി. വാങ്ങി മറ്റു സ്കൂളുകളിലേക്ക് മാറ്റും എന്നുള്ള ഒരു സാഹചര്യമുണ്ടായി. ഈ സാഹചര്യത്തെ അതിജീവിക്കാനായി പുതിയ സ്കൂൾ കെട്ടിടം പണിയുകയും ഒരു കിണർ കുഴിക്കയും പഴയകെട്ടിടത്തിന്റെ ഫൗണ്ടേഷൻ ബലപ്പെടുത്തി ഗ്രൗണ്ട് ലവൽ ആക്കുന്നതിന് ആവശ്യമായി പണികൾ ചെയ്തുകൊണ്ടിരിക്കുന്നു. അവശേഷിക്കുന്ന ജോലികളുടെ ചിലവിലേക്കായി 20,00,000/- ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നു. പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

7. ഇപ്പോഴത്തെ അസ്സോസിയേഷൻ ഹാൾ ആധുനീകരിച്ച് മറ്റു സഭകളുടെ ഒപ്പത്തിനു കൊണ്ടുവരുന്നതിന് തീരുമാനിച്ചു.

8. ചരിത്രത്തിൽ ആദ്യമായി ഒരു വൈദികന് സമൂഹത്തിൽ മാന്യമായി ജീവിക്കുവാൻ ഉതകുന്ന തരത്തിൽ ശമ്പളം ഞങ്ങൾ വർദ്ധിപ്പിച്ചു. പട്ടം ഏൽക്കുന്ന ഒരു വൈദികൻ സ്റ്റാർട്ടിങ് ശമ്പളം 9000/- രൂപയായിരുന്നു. അതു 90% വർദ്ധിപ്പിച്ചു അതുപോലെ സീനിയർ വൈദികർക്കും സർവ്വീസിന്റെ അടിസ്ഥാനത്തിൽ വരുന്ന ജൂൺ മുതൽ ഇതു നടപ്പിൽ വരുത്തും. ബഡ്ജറ്റ് സമ്മേളനം വളരെ സ്നേഹത്തോടും ഐക്യത്തോടും സമാധാനത്തോടും പര്യവസാനിക്കുവാൻ സഹായിച്ച എല്ലാ വൈദിക ശ്രേഷ്ഠരോടും അസ്സോസിയേഷൻ അംഗങ്ങളോടും ഉള്ള നന്ദിയും സ്നേഹവും ക്നാനായ കമ്മിറ്റിക്കുവേണ്ടി എല്ലാവരെയും അറിയിക്കുന്നു. ●

## ബിജു ജോസഫ് മെമ്മോറിയൽ മെറിറ്റ് അവാർഡ് – 2019

ബാംഗ്ലൂർ സെന്റ് മേരീസ് ക്നാനായപള്ളിയുടെ മുൻ ട്രസ്റ്റി ദിവംഗതനായ ശ്രീ. ബിജു ജോസഫിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മെറിറ്റ് അവാർഡ് നൽകുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലകളിൽ ഉയർന്ന വിജയം കരസ്ഥമാക്കിയ ക്നാനായ സമുദായത്തിലെ ഒരു വിദ്യാർത്ഥിക്കാണ് ഈ Cash award നൽകുന്നത്. MBBS, Engineering, MCA, MBA, M.Sc, M.Com, P.hd തുടങ്ങിയ ഏതെങ്കിലും ഉന്നത വിദ്യാഭ്യാസശ്രേണിയിൽ ഉയർന്ന മാർക്കുകൾ വാങ്ങി വിജയിച്ചവർക്ക് താഴെപ്പറയുന്ന വിലാസത്തിൽ ജൂലൈ മാസം 25 നകം മാർക്ക് ലിസ്റ്റിന്റെ കോപ്പി സഹിതം അപേക്ഷിക്കാവുന്നതാണ്. E-Mail മാർഗ്ഗവും അപേക്ഷിക്കാം. അവാർഡ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. അപേക്ഷ അയക്കേണ്ട വിലാസം.

Rev. Fr. Jinu Mathew
Vicar, St. Mary's Syrian Knanaya Church,
Off Hennur Main Road, Kalyan Nagar,
Bangalore 560113
Mob: (O) 8848267606
E-Mail: hennurchurch@gmail.com
frjinumelel@rediffmail.com

## 50 – ാം വിവാഹ വാർഷികം

**01- 06- 2019**



**സി.ഐ. ഏബ്രഹാം & ലീലാമ്മ ഏബ്രഹാം**

**(കുഞ്ഞുമോൻ)**

**ചെറുതറയിൽ മേലേക്കുറ്റ്**
**കവിയൂർ**

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി

മക്കൾ, കൊച്ചുമക്കൾ

# പെന്തക്കോസ്തി പെരുന്നാൾ

**ഓമന സഖറിയാ, പുതിയമഠം, യു.എസ്.എ.**

നാമെല്ലാവരും വീണ്ടും ഒരു പെന്തക്കോസ്തി പെരുന്നാളിനായി ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ, യേശുവിന്റെ കുരിശുമരണത്തിൽ തളർന്നുപോയ ശിഷ്യഗണത്തിന്റെ മനസ്സിൽ ആകെയുണ്ടായിരുന്ന പ്രതീക്ഷയാണ് തങ്ങളുടെ ഗുരു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് (സഹായകൻ) അതിനുവേണ്ടി അവർ കാത്തിരുന്നു. ആയതിനെ അനുസ്മരിച്ചുകൊണ്ടാണ് നമ്മൾ യേശുവിന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞ് 10 ദിവസം കാത്തിരിപ്പിന്റെ ദിനങ്ങളായി സഭ ക്രമീകരിച്ചിരിക്കുന്നത്.

യേശുവിന്റെ ശിഷ്യന്മാർ പരിശുദ്ധാത്മാവിൽ നിറഞ്ഞുകഴിഞ്ഞപ്പോഴാണ് സാധാരണ മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയാത്ത ശക്തി സ്വന്തമാക്കിയത്. പ്രാർത്ഥിച്ചു കാത്തിരിക്കുന്നവർക്കാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അനുഭവിക്കാൻ സാധിക്കുന്നത്. ആത്മാവിനാൽ നിറയുന്ന വ്യക്തി ഒരു പുതിയ മനുഷ്യനായി മാറും. അടിസ്ഥാനപരമായി എല്ലാ മനുഷ്യരും നല്ലവരാണ്. എന്നാൽ സാഹചര്യങ്ങൾ മൂലം വഴി തെറ്റിപ്പോകുന്ന ഒരുപാടുപേരുണ്ട്. അവർ നല്ല വഴിയിലേക്കു തിരിച്ചു വരാൻ ദൈവാത്മാവിന്റെ സഹായം ആവശ്യമാണ്. യഥാർത്ഥമായ അനുതാപത്തിലേക്കു നയിക്കുന്നു. പാപബോധം നൽകുന്നതുപോലും പരിശുദ്ധാത്മാവാണെന്നാണ് യേശു പഠിപ്പിക്കുന്നത്.

ഈ കാലഘട്ടത്തിൽ അനേകം ആളുകൾ നിരാശയിലൂടെ കടന്നുപോകുന്നുണ്ട്. നമ്മുടെ ഉള്ളിൽ നമ്മെ എല്ലാവരെയും യേശുവിലൂടെ പിതാവാം ദൈവവുമായി ബന്ധിപ്പിക്കുന്ന വ്യക്തിയും, ശക്തിയുമാണ് പരിശുദ്ധാത്മാവ്. അതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ പറയുന്നത് "നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെ അല്ല, മറിച്ച് പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണ് നാം അബാ-പിതാവേ എന്നു വിളിക്കുന്നത് (റോമർ 8:15) ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരും, പുത്രിമാരുമാണ്" (റോമർ 8:14).

പാപ സാഹചര്യത്തിൽ നിന്ന് വിടപറഞ്ഞ് പൂർണ്ണമായി ദൈവത്തിൽ സമർപ്പിച്ച് ദാഹത്തോടെ പ്രാർത്ഥിക്കുമ്പോൾ ആത്മഫലങ്ങളായ "സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്ഥത, സൗമ്യത, ആത്മസംയമനം; ഇവകൾ നമ്മളിൽ ഒഴുകിയെത്തും. ഇവയ്ക്കെതിരായി ഒരു ന്യായപ്രമാണവുമില്ല" (ഗലാത്യർ 5:22) നമ്മെ ദൈവത്തോടും, മനുഷ്യരോടും സ്നേഹബന്ധത്തിലുറപ്പിക്കുന്ന ദിവ്യ ഗുണങ്ങളാണിവ.

മാമോദീസായിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ അംഗങ്ങളാകുന്ന നാം അതേസമയം തന്നെ പരിശുദ്ധാത്മാവിന്റെ ആലയവുമായിത്തീരുന്നു. അതുകൊണ്ടു ആത്മാവിന്റെ പ്രേരണയനുസരിച്ച് വിശുദ്ധിയിൽ വളരാൻ നാം ബാദ്ധ്യസ്ഥരാണ്. പക്ഷെ നമ്മുടെ ഉള്ളിൽ ഉള്ള ആത്മാവിന്റെ വ്യക്തിപരമായ ബന്ധവും, ശക്തിയും നാം പലപ്പോഴും മനസ്സിലാക്കുന്നില്ല. ദൈവം എല്ലാവർക്കും നൽകിയ രക്ഷ ഓരോ വ്യക്തിയുടെയും ജീവിതത്തിൽ പ്രാവർത്തികമാകണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായം വേണം. നമ്മുടെ ഓരോ പ്രാർത്ഥനയും ആത്മാവാണ് നമ്മിലുണർത്തുന്നത്. അവിടുന്നാണ് നമ്മോടൊത്തു പ്രാർത്ഥിക്കുന്നത്.

നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നമുക്ക് അറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു. (റോമർ 8:26).



നമ്മിൽ ദൈവസ്നേഹം വളരണമെങ്കിൽ നമുക്ക് ദൈവീക സാന്നിദ്ധ്യമനുഭവിക്കണമെങ്കിൽ, ആന്തരികമായ സന്തോഷവും, സമാധാനവും സ്വന്തമാക്കണമെങ്കിൽ, നന്മയുടേയും, സൗഹൃദത്തിന്റെയും പരസ്പരമായ നിസ്വാർത്ഥ സ്നേഹത്തിന്റെയും ഊഷ്മളത അനുഭവിക്കണമെങ്കിൽ നമ്മുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനോടുള്ള തുറവിയും അവിടുത്തെ മന്ത്രസ്വരം ശ്രവിക്കാൻ സന്നദ്ധതയും വേണം. ●



ഡോ. സുനിൽ ഡി. കുരുവിള

# ഡോക്ടർ ആകണോ എഞ്ചിനീയർ ആകണോ?

മക്കളെ ആരാക്കണം എന്ന കാര്യത്തിൽ മിക്ക മാതാപിതാക്കളും ആശങ്കയിലാണ്. കുട്ടികളും ഏതുവഴി തിരഞ്ഞെടുക്കണം എന്നറിയാതെ പലപ്പോഴും ബുദ്ധിമുട്ടുന്നു. ഡോക്ടർ, എഞ്ചിനീയർ അതിനുമപ്പുറത്തേക്ക് ചിന്തിക്കാൻപോലും കഴിയാത്ത അനേകർ ഇത്തരം സന്ദർഭങ്ങളിലാണ് 'ചന്ത' നമ്മുടെ ചിന്തക്കുമേൽ ആധിപത്യം സ്ഥാപിക്കുന്നത്. പഠിക്കാൻ മിടുക്കുള്ളതുകൊണ്ടുമാത്രം ആരും ഡോക്ടറാവേണ്ടതില്ല. അത്തരം ഒരു കർമ്മമേഖല ആസ്വദിക്കാനും ഉയർന്ന സംഭാവന നൽകാനും കഴിയുന്നവർ ആ രംഗത്ത് വരട്ടെ. "ഡോക്ടർ ആവാൻ പഠിച്ചു രോഗി ആവാതിരിക്കാൻ ശ്രദ്ധിച്ചാൽ നന്ന്!"

താല്പര്യവും അഭിരുചിയും മൂല്യബോധവും അദ്ധ്വാനവും സമ്മേളിക്കുമ്പോൾ മാത്രമേ നാം ഒരു രംഗത്ത് വിജയിക്കുകയുള്ളൂ.

ചാർട്ടേർഡ് അക്കൗണ്ടൻസിക്ക് 'സ്കോപ്പ്' ഉണ്ടോ എന്ന് തിരക്കുന്നതിൽ കൂടുതൽ സമയം CA എനിക്ക് പറ്റിയ കോഴ്സ് ആണോ എന്ന് മനസ്സിലാക്കുക. കണക്കിന് നല്ല കഴിവുള്ള കുട്ടികളും നന്നായി അദ്ധ്വാനിക്കാൻ മനസ്സുള്ളവരും ആദ്യമൊക്കെ പരീക്ഷ ഒന്ന് തോൽക്കാൻ മടിയില്ലാത്തവരും ആയിരിക്കണം CA പഠിക്കേണ്ടത്. കോസ്റ്റ് അക്കൗണ്ടൻസിയും കമ്പനി സെക്രട്ടറി (CS) യുമൊക്കെ മികച്ച കരിയർ തരുന്ന മേഖലകൾ ആണ്. ഇതിന്റെയൊക്കെ 'foreign' പതിപ്പുകൾ വലിയ ഗുണം ചെയ്തു എന്നുവരില്ല. നിയമം, എക്കണോമിക്സ്, ഹോട്ടൽ/ഹോസ്പിറ്റാലിറ്റി, ലാംഗ്വേജ് എന്നിവ അതാതു രംഗത്ത് കഴിവും താല്പര്യവും ഉള്ളവർക്ക് പഠിച്ചു നല്ല കരിയർ സൃഷ്ടിക്കാം. എല്ലാവരും എഞ്ചിനീയർ ആവണമെന്നില്ല. ഫിസിക്സ്, മാത്സ് വിഷയങ്ങളിൽ മികച്ച കഴിവുള്ളവർ മാത്രം എഞ്ചിനീയറിംഗ് രംഗത്ത് പഠിക്കുക. പഠനകാലത്ത് ഉയർന്ന വ്യക്തിത്വ വികസനവും ആശയവിനിമയ പാടവവും ഉറപ്പാക്കിയെങ്കിലേ തൊഴിൽ നേടാൻ കഴിയൂ.

"തോറ്റ എഞ്ചിനീയറിനെക്കാളും നല്ലത് ജയിച്ച ഒരു ഇലക്ട്രീഷ്യനോ പ്ലംബറോ അല്ലേ? ചിന്തിക്കാം!" എല്ലാവരും പ്രൊഫഷണൽ കോളേജുകളിലേക്കു പോകണമെന്നില്ല. ആർട്സ് & സയൻസ് കോളേജുകളിൽ നിന്ന് ബിരുദം നേടുന്നവർക്കും മികച്ച സാദ്ധ്യതകൾ സൃഷ്ടിക്കാൻ കഴിയും. അന്യസംസ്ഥാനങ്ങളിലെ 'മുന്തിയ' കോളേജ്/യൂണിവേഴ്സിറ്റികളിലൊക്കെ കുട്ടികളെ വിടുന്നതിന് മുമ്പ് എല്ലാം നന്നായി മനസ്സിലാക്കുക. ജോലിസാദ്ധ്യത പരിഗണിക്കുമ്പോൾ തന്നെ ജോലി ചെയ്യേണ്ടതു നമ്മളുടെ കുട്ടിയാണ് എന്നുകൂടി ചിന്തിച്ചു വേണം കരിയർ പ്ലാൻ ചെയ്യാൻ. കുട്ടികൾക്ക് പ്രത്യേകിച്ച് ഒമ്പതാം ക്ലാസ് മുതലുള്ളവർക്ക് CAREER മാർഗ നിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യമുണ്ട്. അവനവൻ ആരാണ് എന്ന് തിരിച്ചറിയുന്നതിനും ആരാവണം... അതിലേക്കുള്ള വഴിയെന്ത്.. എവിടെ പഠിക്കണം.. develop ചെയ്യേണ്ട സ്കിൽസ് എന്തെല്ലാം...തുടങ്ങി ധാരാളം കാര്യങ്ങൾ കുട്ടികളും മാതാപിതാക്കളും മനസ്സിലാക്കേണ്ടതുണ്ട്. കൂടാതെ ശരിയായ CAREER അവബോധം കുട്ടികളുടെ പഠനവും ജീവിതത്തോടുള്ള സമീപനവും മെച്ചപ്പെടുത്തും. കച്ചവട താല്പര്യം മാത്രം മുൻനിർത്തി നടത്തുന്ന 'ഉപരിപഠന സെമിനാര്' exhibition ഒക്കെ വലിയ ചതിക്കുഴികളായേക്കാം. സൂക്ഷിക്കുക. 'വിദഗദ്ധ' മാർഗനിർദ്ദേശം എല്ലാം അത്ര വിദഗ്ദ്ധമല്ല.

പാരാ മെഡിക്കൽ കോഴ്സുകൾ എല്ലാം മികച്ചവയല്ല. അഭിരുചി ഇല്ലാത്തവർക്കും നല്ല സ്ഥാപനങ്ങളിൽ പഠിക്കാത്തവർക്കും പിന്നീട് ഭാവി 'പാര' ആയേക്കാം. സൈക്കോളജി, ഫോറൻസിക് സയൻസ്, ഏവിയേഷൻ, pharm D മുതലായവ കോഴ്സുകൾ കണ്ണുമടച്ചു പോയി ചേരേണ്ടതില്ല. ജേർണലിസം, ബയോടെക്നോളജി, ആസ്ട്രോഫിസിക്സ് പോലുള്ള കോഴ്സുകൾ ബിരുദ തലത്തിൽ തന്നെ പഠിക്കണമെന്നില്ല. അതൊക്കെ ബിരുദ ശേഷം 'specialize' ചെയ്യുന്നതാവും ഉചിതം. A+ ജീവിതവിജയവുമായി ഒരു ബന്ധവും ഇല്ല. അടുത്ത സ്റ്റെപ്പ് കൃത്യമായി പ്ലാൻ ചെയ്യുക. ഇഷ്ടപ്പെട്ട വിഷയം എടുത്തു ബിരുദം പഠിക്കാം. പോളിടെക്നിക്, വിവിധ ട്രേഡുകൾ ഒക്കെ പഠിക്കാം. പ്രിന്റിംഗ്, ഫോട്ടോഗ്രാഫി, കുക്കിംഗ്, ടൈലറിംഗ്, ബ്യൂട്ടീഷൻ, ആർട്സ്, മൾട്ടിമീഡിയ അങ്ങനെ സമൂഹത്തിൽ ആവശ്യമുള്ളതെന്തും പഠിക്കാം. സ്വയം തൊഴിൽ കണ്ടെത്താം, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലകളിലൊക്കെ പ്രവർത്തിക്കാം. കലയും, കായികവുമൊക്കെ കരിയർ ആക്കി മാറ്റാം.

നല്ല വ്യക്തിത്വ വികസനം, അറിവ്, നേതൃത്വ പാടവം, ആശയവിനിമയശേഷി ഇവ നമ്മെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കും. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് നന്നായി ആസൂത്രണം ചെയ്യുന്നവർക്കേ മികച്ച നേട്ടം കൊയ്യാനാവുകയുള്ളൂ. കുട്ടിക്കാലത്തു തന്നെ നല്ല മനോഭാവവും, അദ്ധ്വാനശീലവും, അറിവും, നൈപുണ്യവും വളർത്തിയെടുക്കുക. അച്ചടക്കം, ആത്മവിശ്വാസം, ആശയവിനിമയ പാടവം എന്നിവ നിങ്ങളെ ബഹുദൂരം മുന്നിൽ എത്തിക്കും. തീരുമാനങ്ങൾ എടുക്കാനുള്ള കഴിവും പ്രശ്നങ്ങളെ നേരിടാനുള്ള ധൈര്യവും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള വിശ്വാസവും ഉയർന്ന കരിയറുകൾ ആഗ്രഹിക്കുന്നവർ നേടിയെടുക്കണം.

"Find out what you like doing best and get someone to pay you for doing it"

ജീവിതത്തിൽ വിജയിക്കുന്നതാണ് പ്രധാനം. അതിനായി നല്ല ആസൂത്രണവും തീരുമാനങ്ങളും എടുക്കാൻ കഴിയട്ടെ. തുടർന്ന് പഠനം ക്രമീകരിക്കുമ്പോൾ പ്രയാസമുള്ള വിഷയങ്ങൾ ഒഴിവാക്കാം. അവനവന്റെ കഴിവും അഭിരുചിയും താല്പര്യവും തിരിച്ചറിഞ്ഞു മുന്നേറാം..

ജീവിതത്തിനാവട്ടെ A+ !! !


പുസ്തകപരിചയം

# മാമ്മോദീസാ: പ്രകാശത്തിന്റെ കൂദാശ

**റവ.ഫാ. മോനായി കെ.ഫിലിപ്പ്, കർക്കടകംപള്ളിൽ**

ദൈവിക നിയോഗമായി റവ.ഫാ. ജിനു കുരുവിള കിഴക്കേമുട്ടത്തിലിന്റെ തൂലികയിലൂടെ വിശ്വാസ സമൂഹത്തിന്, സുറിയാനി വിശ്വാസത്തിൽ ആഴങ്ങളിലേക്ക് ഊളിയിടാനും ആയിരിക്കുന്നവയെക്കുറിച്ചുള്ള അപഗ്രഥനത്തിനും, സഭാവിശ്വാസത്തിന്റെ അന്തഃസത്ത പ്രതിഫലിക്കുന്നതിനുമായി ഒരു ഗ്രന്ഥം കൂടി പ്രസിദ്ധീകരിച്ചതിൽ സന്തോഷമുണ്ട്.

ഒരു സഭാവിശ്വാസിക്ക് ലഭിക്കുന്ന ആദ്യകൂദാശയായ വി. മാമ്മോദീസായെക്കുറിച്ചുള്ള ഒരു പുതിയ പുസ്തകമാണ് **മാമ്മോദീസാ: പ്രകാശത്തിന്റെ കൂദാശയെന്ന** സെന്റ് എഫ്രേം സ്റ്റഡി സെന്ററിന്റെ 9-ാമത്തെ പുസ്തകമായി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നത്.




ഈ പുസ്തകത്തിൽ മാമ്മോദീസായെക്കുറിച്ചുള്ള പഠനങ്ങളും, മാമ്മോദീസാ ക്രമത്തിന്റെ ഒരു അപഗ്രഥനവും, മാമ്മോദീസായെക്കുറിച്ച് ഉണ്ടാകുന്ന ചില ചോദ്യങ്ങൾക്കുള്ള മറുപടിയും മാമ്മോദീസാ പേരുകളുടെ അർത്ഥവും എല്ലാം ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ പ്രത്യേകതകൾ ഉള്ളതാണ്.

മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ പുസ്തകത്തിൽ ഒന്നാമത്തെ ഭാഗത്ത് നാല് അദ്ധ്യായങ്ങളിലൂടെ മാമ്മോദീസായുടെ നിഴലുകൾ പഴയനിയമത്തിലും, യഹൂദ ആചാരാനുഷ്ടാനങ്ങളിലും, മാമ്മോദീസായുടെ പുതിയനിയമ സാദൃശ്യങ്ങളും പ്രതിപാദിക്കുമ്പോൾ വേദപുസ്തക പശ്ചാത്തലത്തിൽ വി. മാമ്മോദീസായുടെ അടിസ്ഥാനത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ വിശ്വാസിക്ക് ലഭിക്കുന്നു.

ക്രിസ്തീയ സ്നാനവും, യോഹന്നാന്റെ സ്നാനവും തമ്മിലുള്ള വ്യത്യാസങ്ങളും വ്യക്തമാക്കുന്നു. യേശുവിന്റെ സ്നാനത്തിന്റെ ഉദ്ദേശ്യം എന്തായിരുന്നു എന്നാത് വി.ബൈബിളിന്റെ വെളിച്ചത്തിലും, സുറിയാനി പിതാവായ സെറൂഗിലെ മോർ യാക്കോബിന്റെ വീക്ഷണത്തിലും വ്യക്തമാക്കുന്നതിലൂടെ മാമ്മോദീസാ എന്താണ് എന്ന് വായനക്കാരന് അറിയുവാൻ ഇടയാകുന്നു.

തുടർന്നുള്ള അദ്ധ്യായത്തിൽ വിവരിക്കുന്ന മാമ്മോദീസായുടെ നൽവരങ്ങൾ പ്രതിപാദിക്കുമ്പോൾ ഈ കൂദാശയിലൂടെ വിശ്വാസിക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളെ മനസ്സിലാക്കുവാൻ സാധിക്കുമ്പോൾ ഇത്രമാത്രം പ്രാധാന്യമുള്ള കൂദാശയാണ് വി. മാമ്മോദീസായെന്ന് വ്യക്തമാകുന്നു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചും, മാമ്മോദീസാ തൊട്ടിയുടെ പ്രതീകാത്മകതയുമെല്ലാം പഠനത്തിന് വിധേയമാകുമ്പോൾ, മാമ്മോദീസാ എന്ന കൂദാശയ്ക്ക് നൽകേണ്ട പ്രാധാന്യത്തെക്കുറിച്ച് ബോധം വിശ്വാസികൾക്ക് ലഭ്യമാകുന്നു.

പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിൽ മാമ്മോദീസാ ശുശ്രൂഷാ ക്രമത്തിന്റെ അർത്ഥ സമ്പുഷ്ടമായ ഒരു പഠനം തന്നെ ക്രമീകരിച്ചിരിക്കുന്നു. ഇതിൽ ഗീതങ്ങളുടെയും പ്രാർത്ഥനകളുടെയും അനുഷ്ഠാനങ്ങളുടെയും, വ്യാഖ്യാനവും, ബൈബിൾ ഭാഗങ്ങളും, അർത്ഥവും വെളിപ്പെടുത്തുന്നതിലൂടെ ഈ കൂദാശയുടെ വിശദമായ അർത്ഥതലങ്ങളിലേക്ക് ഗ്രന്ഥകാരൻ നയിക്കുന്നു.


മൂന്നാമത്തെ ഭാഗത്തിൽ ജന്മപാപം എന്നാൽ എന്ത്? പ്രസവശേഷം കുഞ്ഞുമായി ദൈവാലയത്തിലേക്ക് വരുമ്പോൾ ശുദ്ധീകരണ പ്രാർത്ഥന നടത്തുന്നതിന്റെ ഉദ്ദേശം തുടങ്ങി 21 ചോദ്യങ്ങൾക്കുള്ള വിശദവും, വ്യക്തവും, അർത്ഥസമ്പുഷ്ടവുമായ ഉത്തരങ്ങൾ നൽകിയിരിക്കുന്നത് വിശ്വാസ പഠനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ഇടയാക്കുന്നു.

മാമ്മോദീസാ പേരുകൾ, അവരുടെ അർത്ഥങ്ങൾ ഇവ പ്രതിപാദിക്കുന്നതിലൂടെ നമ്മുടെ ഓരോരുത്തരുടെയും പേരിന്റെ ഉത്ഭവവും അർത്ഥവും മനസ്സിലാക്കാനും ഇടയാക്കുന്നു.

ബഹു. ജിനു അച്ചൻ വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ M.Th പഠനത്തിന്റെ ഭാഗമായി എഴുതിയ തീസീസ് പുസ്തക രൂപത്തിലാക്കിയതിലൂടെ വിശ്വാസികൾക്ക് മാമ്മോദീസാ എന്ന കൂദാശയുടെ അന്തഃസത്ത ഉൾക്കൊള്ളാനും, ഇത് ബൈബിളിന്റെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കാനും സുറിയാനി വിശ്വാസത്തിന്റെ അർത്ഥ സമ്പുഷ്ടതയിലേക്കും, അഗാധങ്ങളിലേക്കും ഊളിയിടാനും ഈ ഗ്രന്ഥം ഉപകരിക്കുമെന്ന് പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നു.

മാമ്മോദീസാ: പ്രകാശത്തിന്റെ കൂദാശയെന്ന ഈ ഗ്രന്ഥം നമ്മുടെ എല്ലാം ആളുകളും പഠിക്കുക മാത്രമല്ല, ഓരോ മാമ്മോദീസായ്ക്കും പങ്കെടുക്കുന്നതിന് മുമ്പായി വായിക്കണം എന്ന് ഉത്ബോധിപ്പിച്ച്, ഈ പുസ്തകം വിശ്വാസ സമൂഹത്തിന് മുമ്പാകെ അവതരിപ്പിക്കുന്നു.

## 50-ാം വിവാഹ വാർഷികം (09-06-2019)



## എം. ജേക്കബ് & മറിയാമ്മ ജേക്കബ്

മണക്കാലായിൽ, കുറ്റൂർ

"ഇത്രത്തോളം നടത്തിയ വൻ കൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു"

ആശംസകളോടെ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - O

## 25th Wedding Anniversary

**19-06-2019**




## Rejimon & Sindhu

**Parackamannil House, Vallamkulam**

Best wishes from

**Suzan and Anna**


Advt - S







ദീപശിഖാ, പതാകാ, ഛായാ ചിത്രം പ്രയാണങ്ങൾ കൊടുങ്ങല്ലൂർ ക്നാനായ പൈതൃക സ്മാരകത്തിൽ നിന്ന് ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത കൈമാറുന്നു







സാംസ്കാരിക സമ്മേളനം ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.





1674–ാം സിറിയൻ ക്നാനായ വാർഷിക സംഗമം ജസ്റ്റിസ് ജെ. ബി. കോശി ഉദ്ഘാടനം ചെയ്യുന്നു.







സമാപന സമ്മേളനം ബഹു. മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

ഒരുമയോടെ ഒന്നായ്

# വിവാഹിതരായി







നീലംപേരൂർ പത്തിൽ പുത്തൻപുരയിൽ കുരുവിള ഫിലിപ്പിന്റെയും മറിയാമ്മ ഫിലിപ്പിന്റെയും മകൻ **Jintu Philip** ഉം ചാന്നാനിക്കാട് എഴുമായിൽ (കുഴിക്കാട്) തങ്കച്ചന്റെയും (ജോസഫ്) സുജ ജോസഫിന്റെയും മകൾ **Annu Joseph** ഉം തമ്മിലുള്ള വിവാഹം 29–04–2019–ൽ നീലംപേരൂർ സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ വെച്ച് നടന്നു.

Advt - O


# വിവാഹിതരായി



നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയപള്ളി ഇടവകയിൽ പ്രാമിയിൽ ബാബുവിന്റെയും ജെസ്സിയുടെയും മകൻ **ബിബിൻ ബാബുവും** കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളി ഇടവകയിൽ മഠത്തിൽപറമ്പിൽ ജോസിന്റെയും ജോളിയുടെയും മകൾ **നീതു ജെ. ജോസും** തമ്മിലുള്ള വിവാഹം 2019 മെയ് 4ന് **അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ** മുഖ്യകാർമ്മികത്വത്തിൽ നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt - S

# Congratulations



**Dr. Swathi Thomas** for graduating Doctor of pharmacy (pharm.D) first class with distinction from Kakatiya university Warangal. She is the daughter of P. C. Thomas (Thottathil Podippara, Thuruthikkad) and Aswathi Thomas (Pullettu, Eraviperoor).

Advt - O

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം: ദൈവശാസ്ത്ര-മന:ശാസ്ത്ര വീക്ഷണത്തിൽ

**പങ്കുവയ്ക്കൽ**

ഒരു പിതാവ് പറഞ്ഞ സങ്കടം അച്ചൻ അവരോട് പങ്കുവച്ചു. മക്കളെ നല്ല നിലയിലാക്കുവാൻ ഒരു പുരുഷായുസ്സു മുഴുവൻ മണലാരണ്യത്തിൽ ചിലവഴിച്ച ഒരു വ്യക്തി. മകളുടെയും മകന്റെയും വിവാഹശേഷം നാട്ടിൽ വന്നു താമസം ആരംഭിച്ചു. എഞ്ചിനിയർ ആയ മകനും വിദ്യാസമ്പന്നയായ മരുമകളും. മകൻ ജോലി കഴിഞ്ഞ് വരുവാൻ കാത്തിരിക്കുന്ന മാതാപിതാക്കളും ഭാര്യയും. വൈകുന്നേരം വീട്ടിൽ വരുന്ന മകൻ ചായകുടിക്കുന്ന പത്ത് പതിനഞ്ച് മനിറ്റുകൾ മാത്രം മാതാപിതാക്കളോട് കുശലം പറഞ്ഞു കഴിഞ്ഞാൽ മുകളിലത്തെ നിലയിലെ മുറിയിലേക്ക് ഭാര്യാസമേതനായി കടന്നു പോകും. പിന്നീട് എട്ടുമണി കഴിഞ്ഞ് പ്രാർത്ഥിക്കുന്നതിനും അത്താഴം കഴിക്കുന്നതിനും താഴേക്ക് വന്നാൽ അൽപ്പ സമയം മാത്രം ഒരു പങ്കുവയ്ക്കൽ. അവരുടെ സന്തോഷം മാത്രമാണ് ലക്ഷ്യമെങ്കിലും കുറച്ചു സമയംകൂടി തങ്ങളോടൊപ്പം അവൻ ചിലവഴിച്ചിരുന്നെങ്കിൽ എന്ന് വെറുതെ മോഹിച്ചു പോകയാണ് ആ പിതാവ്.

മാതാപിതാക്കളോടും സഹോദരങ്ങളോടും ഈ പങ്കുവയ്ക്കൽ നിർവഹിക്കുന്നുവെങ്കിൽ കൂടുതൽ സന്തോഷകരമായ ഒരു കുടുംബജീവിതം ഉണ്ടാകും. സഹോദരങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുകയും സഹോദരങ്ങളെ സ്വന്ത ഭവനത്തിലേക്കു ക്ഷണിക്കുകയും ചെയ്യുന്നത് പിന്നീടുള്ള ജീവിതത്തിൽ കൂടുതൽ കരുത്തുറ്റ കുടുംബം സാധ്യമാക്കും.

അപ്രകാരം തന്നെ ജീവിത പങ്കാളിയുടെ മാതാപിതാക്കളും സഹോദരങ്ങളും ബന്ധുമിത്രാദികളും തന്റേതുകൂടിയാണെന്ന ബോധ്യം ഉണ്ടാകണം. അമ്മായിയമ്മ, അമ്മായിയപ്പൻ കാഴ്ചപ്പാടുകൾ വിട്ട് പപ്പയും അമ്മയും എന്ന ചിന്താഗതിയിലേക്കു വരണം. ജീവിത പങ്കാളിയുടെ മാതാപിതാക്കളെ സ്വന്തം മാതാപിതാക്കളായി കാണണം. ഭർത്താവിന്റെ മാതാപിതാക്കളെ സ്വന്തം മാതാപിതാക്കളായി കാണുന്ന ഭാര്യയുടെ മാതാപിതാക്കളെ സ്വന്തം മാതാപിതാക്കളായി കാണുന്നതിൽ ഒരു ഭർത്താവിനും ബുദ്ധിമുട്ടില്ല. ഭാര്യയുടെ വീട്ടിലെ കാര്യങ്ങളിൽ പങ്കുകൊള്ളുന്നത് തന്റെ കർത്തവ്യമാകുന്നുവെന്ന് ഓരോ ഭർത്താവും കരുതുകയാണെങ്കിൽ ഭർതൃഗൃഹത്തിലെ കാര്യങ്ങൾ തന്റെ ഉത്തരവാദിത്തമാകുന്നുവെന്ന് കരുതുവാൻ ഒരു ഭാര്യയ്ക്കും ബുദ്ധിമുട്ടുണ്ടാകുകയില്ല. പങ്കുവയ്ക്കൽ സ്വന്തഭവനത്തിൽ മാത്രമല്ല ജീവിത പങ്കാളിയുടെ ഭവനത്തിലും സാധ്യമാകണം. പരേതനായ വന്ദ്യ ദിവ്യ ശ്രീ പി.എം. മാത്യു പുളിക്കാവിൽ കശ്ശീശായുടെ വാക്കുകളിൽ "ഒരു നല്ല മരുമകൻ മകനാണ്, നല്ല മരുമകൾ മകൾ ആണ്" ശരിയായ പങ്കുവയ്ക്കലിലൂടെയാണ് ഇത് സാധ്യമാകുന്നത്.

വൃദ്ധരായ മാതാപിതാക്കളെയും പങ്കുവയ്ക്കലിൽ ഉൾപ്പെടുത്തുമ്പോൾ കൊച്ചുമക്കൾ അപ്പച്ചന്റെയും അമ്മച്ചിയുടെയും പ്രാധാന്യം തിരിച്ചറിയുന്നു. മാതാപിതാക്കൾ മക്കളെ കഠിനമായി ശാസിക്കുമ്പോൾ അപ്പച്ചനും അമ്മച്ചിയും വാത്സല്യത്തോടെ കൊച്ചുമക്കളെ ഉപദേശിക്കുക മാത്രമാണ്. ശാസനയുടെയും വാത്സല്യത്തിന്റെയും സമ്മിശ്രാനുഭവങ്ങളിലൂടെ വളരുന്ന പുതുതലമുറ വഴിതെറ്റിപ്പോകില്ല. മക്കളെക്കാൾ കാര്യം കൊച്ചുമക്കളോടാണെന്നതുപോലെ ചിലയിടങ്ങളിൽ മാതാപിതാക്കളെക്കാൾ കാര്യം അപ്പച്ചനോടും അമ്മച്ചിയോടുമാണ്. കുടുംബബന്ധം കൂടുതൽ ദൃഢമാക്കുവാൻ അപ്പച്ചന്മാരുടെയും അമ്മച്ചിമാരുടെയും സാന്നിദ്ധ്യം പ്രയോജനം ചെയ്യും. വാത്സല്യം അമിതമാകാതിരുന്നാൽ മതി. വൃദ്ധരായ മാതാപിതാക്കളെ കരുതുന്ന മക്കൾ കൊച്ചുമക്കൾക്ക് വലിയ ഒരു സന്ദേശമാണ് കൈമാറ്റം ചെയ്യുന്നത്. കുടുംബവൃക്ഷം കൂടുതൽ പുഷ്പങ്ങളോടുകൂടി പൂത്തുലഞ്ഞു നിൽക്കും.

സർവ്വമേഖലകളിലും വിശാലമായ പങ്കുവയ്ക്കൽ സാധ്യമാകുന്ന കുടുംബം മാതൃകാകുടുംബമായിരിക്കും എല്ലാവി

ധത്തിലും അവർ അനുഗ്രഹിക്കപ്പെട്ടിരിക്കും. പങ്കുവയ്ക്കൽ ദമ്പതികൾ അവരുടെ വാർദ്ധക്യത്തിലും തുടർന്നുകൊണ്ടി രിക്കും. വിശേഷാൽ ഉറക്കം കുറവുള്ള വാർദ്ധക്യകാലത്ത് സംസാരത്തിലൂടെ വിരസത ഒഴിവാക്കുവാൻ കഴിയും. വാർദ്ധ ക്യത്തിലും കുടുംബജീവിതവും കിടപ്പറയും അവർക്കു ഉന്മേ ഷം പ്രദാനം ചെയ്യും. അച്ചന്റെ വാക്കുകൾക്ക് സശ്രദ്ധം ചെവി കൊടുത്തിരിക്കയാണ് ജോസഫും ലിസ്സിയും. അച്ചൻ പറഞ്ഞ വാക്കുകൾ അത്ഭുതത്തോടെ കേട്ടിരിക്കയാണ് രണ്ടുപേരും. ഇതുവരെയും ഈവക കാര്യങ്ങൾ അവരുടെ ചിന്തയിൽ പോലും വന്നിട്ടില്ല. പങ്കുവയ്ക്കലിന്റെ മഹത്വം കേട്ടറിഞ്ഞപ്പോൾ ജോസഫ് അല്പം കൂടി ലിസിയോട് ചേർന്നിരുന്നു. ഇതു കണ്ട് അച്ചൻ ചിരിയോടെ പറഞ്ഞു.

"ഇക്കാര്യങ്ങളൊക്കെ ആദ്യമായിട്ടാണോ കേൾക്കുന്നത്"?

"അതെ അച്ചോ".

രണ്ടുപേരും ഒരേ ശബ്ദത്തിൽ പറഞ്ഞു. "പിന്നെ നിങ്ങൾക്ക് എന്താണറിയാവുന്നത്; മൊബൈൽ ഫോൺ ഇതൊന്നും പറഞ്ഞു തരില്ല കേട്ടോ".

അച്ചന്റെ വാക്കുകളിലെ കുറ്റപ്പെടുത്തൽ രണ്ടുപേരും തിരിച്ചറിഞ്ഞു.

"രണ്ടുപേരും പ്രീമാരിറ്റൽ കൗൺസിലിംഗിൽ പങ്കെടു ത്തില്ലെ" "ഇല്ലച്ചോ, പതിനായിരം രൂപ അടച്ച് രസീത് വാങ്ങി ക്കൊണ്ട് വികാരി അച്ചനെ കാണിച്ച് കല്യാണം നടത്തി". ജോസഫ് പറഞ്ഞു.

"കൊള്ളാം, വിവാഹശേഷം കൗൺസിലിംഗിൽ സംബ ന്ധിച്ചോ"? അച്ചൻ ചോദിച്ചു.

'ഇല്ല'

രണ്ടുപേരും ഒരേ ശബ്ദത്തിൽ പറഞ്ഞു.

തട്ടിപ്പും വെട്ടിപ്പും. മൂന്നുദിവസം ലാഭിക്കാൻ പതിനായിരം നഷ്ടപ്പെടുത്താനും തയ്യാർ. നിങ്ങളുടെ പണം വാങ്ങി സമു ദായം വളരാനല്ല. നിങ്ങളെ എങ്ങനെയെങ്കിലും വിവാഹ ഒരു ക്ക സെമിനാറിൽ പങ്കെടുപ്പിക്കുവാനാണ് പതിനായിരം രൂപ അടയ്ക്കണമെന്ന ഈ നിബന്ധന വച്ചിരിക്കുന്നത്. പതിനാ യിരം തിരികെ വാങ്ങാനെങ്കിലും വിവാഹത്തിനു ശേഷമാ ണെങ്കിലും വിവാഹഒരുക്കസെമിനാറിൽ സംബന്ധിക്കുമല്ലോ എന്ന പ്രതീക്ഷയാണ് ഞങ്ങൾക്കുള്ളത്. പക്ഷെ അതും നിങ്ങൾ പ്രയോജനപ്പെടുത്തിയില്ല. മക്കളെ, വിവാഹഒരുക്ക സെമിനാർ എന്നാൽ വിവാഹത്തിനുവേണ്ടി ശാരീരികവും മാനസ്സികവും ആത്മീയവുമായ ഒരു തയ്യാറെടുപ്പ് നിങ്ങൾക്കു ണ്ടാക്കിയെടുക്കുക എന്നതാണ്. ഇത് നിങ്ങൾ പ്രയോജന പ്പെടുത്തിയില്ല. വലിയ വിലകൊടുക്കേണ്ടിവരും".

അച്ചന്റെ വാക്കുകൾ കുറ്റബോധത്തോടെ കേട്ടിരുന്നു രണ്ടുപേരും.

പങ്കുവയ്ക്കലിന്റെ ബോധ്യം തിരിച്ചറിഞ്ഞ ജോസഫും ലിസ്സിയും ശക്തമായ തീരുമാനമെടുത്തു. ഇനിയുള്ള തലമു റയെ വിവാഹ ഒരുക്കസെമിനാറിൽ സംബന്ധിപ്പിക്കുവാൻ എന്തുവിലകൊടുത്തും പ്രോത്സാഹിപ്പിക്കും.

കത്തോലിക്കാസഭയിലെ എന്റെ ഒരു വൈദികസുഹൃത്ത് പങ്കുവച്ച അനുഭവം ഞാൻ പറയാം. വാർദ്ധക്യത്തിലും പങ്കു വയ്ക്കൽ എത്ര രസകരമായിരിക്കുമെന്ന് അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. അച്ചൻ തുടർന്നു.

"എന്റെ ഈ വൈദികസുഹൃത്ത് ഒരിക്കൽ തന്റെ ഭവനം സന്ദർശിക്കുവാനും വൃദ്ധരായ മാതാപിതാക്കളോടൊപ്പം ഒരു രാത്രി ചിലവഴിക്കാനും തീരുമാനിച്ചു. ഹൈറേഞ്ചിലുള്ള വീട്ടി ലെത്തുമ്പോൾ സായാഹ്നമായി. മൂത്ത ജ്യേഷ്ഠനും ഭാര്യയും രണ്ട് ആൺമക്കളും അടങ്ങുന്ന കുടുംബം അച്ചന്റെ വരവിൽ അതിരറ്റ ആഹ്ലാദത്തിലാണ്. പ്രത്യേകിച്ച് കോളേജിൽ പഠി ക്കുന്ന രണ്ട് മക്കൾക്കും അപ്പാപ്പൻ അച്ചൻ വന്നതിന് പറ ഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷം. മാതാപിതാക്കളോടും ജ്യേഷ്ഠന്റെ കുടുംബത്തോടുമൊപ്പം സന്തോഷം പങ്കുവച്ച് അത്താഴവും കഴിഞ്ഞപ്പോൾ പാതിരാത്രിയായി. വളരെ താമ സിച്ചുകിടന്നതുകൊണ്ടാകാം ഉറക്കം അത്ര എളുപ്പത്തിൽ അനുഗ്രഹിച്ചില്ല. എന്നാൽ തൊട്ടടുത്ത മുറിയിൽ കിടക്കുന്ന അപ്പന്റെയും അമ്മയുടെയും മുറിയിൽ നിന്നും അടക്കിപ്പിടിച്ച സംസാരം കേൾക്കാം. ശ്രദ്ധിച്ചപ്പോൾ മനസ്സിലായി പണ്ട് ഈ സ്ഥലം വെട്ടിപിടിച്ചെടുത്തതും കാട് വെട്ടിത്തെളിച്ച് കൃഷി ഇറക്കിയതും കൃഷി നശിപ്പിക്കുവാൻ വന്ന ആനയെയും പന്നിയെയുമൊക്കെ തുരത്തിയതും വർണ്ണിക്കുകയാണ് അപ്പൻ. വളരെയധികം പ്രാവശ്യം കേട്ടതാണെങ്കിലും വീണ്ടും യൗവ്വനത്തിലെ തങ്ങളുടെ പരാക്രമങ്ങൾ ഓർത്ത് സന്തോഷത്തോടെ വിട്ടുപോയഭാഗം കൂട്ടിച്ചേർക്കുകയാണ് അമ്മച്ചി. ഉള്ളത് പറഞ്ഞാൽ ഉറക്കം വരാതിരിക്കുന്നതിനാൽ കേട്ട് പഴകിയ കഥകളാണെങ്കിലും കേട്ടിരിക്കാൻ രസം. അങ്ങനെ അല്പസമയം മുന്നോട്ട് പോയപ്പോഴാണ് ജ്യേഷ്ഠന്റെ മുറിയിൽ നിന്നൊരു ശബ്ദം.

" മതി മതി രണ്ടുപേരും മിണ്ടാതെ കിടന്നുറങ്ങ്. പിള്ളാർക്ക് രാവിലെ കോളേജിൽ പോകേണ്ടതാണ്" കേട്ട പാടെ രണ്ടുപേരും വർത്തമാനം നിർത്തി.

ഇത് കേൾക്കുകയും പിള്ളാരുടെ മുറിയിൽ നിന്നുമൊരു പൊട്ടിച്ചിരി. എനിക്കും ചിരിയടക്കാൻ കഴിഞ്ഞില്ല. എന്റെയും ചിരി ഉറക്കെയായിരുന്നു. സത്യത്തിൽ ഒരു കൂട്ടച്ചിരിയായി രുന്നു. വാർദ്ധക്യകാലത്തും വല്ലതും മിണ്ടിയും പറഞ്ഞും കിടക്കുവാൻ അവർക്ക് എന്തെല്ലാം ഉണ്ട്.

ഈ സംഭവത്തിൽ നിന്നൊരു പാഠമുണ്ട്. പങ്കുയ്ക്കുന്ന കുടുംബമാണെങ്കിൽ വാർദ്ധക്യത്തിലും ഈ പങ്കുവയ്ക്കൽ തുടരും. ആദം ഏകനായിരിക്കുന്നത് നന്നല്ലെന്ന് കണ്ട് അവ നൊരു ഇണയെ നൽകി അനുഗ്രഹിച്ച ദൈവം ജീവിതപങ്കാ ളിയെ (ഇണയെ) തുണയായി നൽകിയതാണ്. ഈ ഇണ യുടെ മുൻപിൽ ഏതൊരു വ്യക്തിയുടെയും ജീവിതം തുറന്ന പുസ്തകമായിരിക്കണം. സുതാര്യത ജീവിതത്തെ സുന്ദര മാക്കുന്നു. പങ്കുവയ്ക്കലിലൂടെയാണ് ഈ സുതാര്യത കൈവരുന്നത്. (തുടരും)

## ഉന്നതവിജയം കരസ്ഥമാക്കി

2018-2019 അദ്ധ്യയനവർഷത്തിൽ CBSE 10th, +2 പരീക്ഷകളിൽ ചിങ്ങവനം ക്ലീമ്മീസ് സ്ക്കൂൾ 100% ഉന്നതവിജയം കരസ്ഥമാക്കിയിരിക്കുന്നു. വിജ യിച്ച എല്ലാ വിദ്യാർത്ഥികളേയും അവരുടെ രക്ഷി താക്കളേയും, അവരെ പ്രോത്സാഹിപ്പിച്ച അദ്ധ്യാപക രെയും അനുമോദിക്കുന്നു.

# പച്ചയായ പുൽപ്പുറങ്ങൾ

ഏബ്രഹാം കല്ലിശ്ശേരി

സൺഡേസ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കുട്ടി ചോദിച്ചു. പച്ചയായ പുൽപ്പുറങ്ങളും സ്വസ്ഥതയുള്ള വെള്ളവും ഇന്നെവിടെ കാണാൻ കഴിയും സാറെ.

23-ാം സങ്കീർത്തനത്തിൽ, അവിടെ മാത്രമേ ഇന്നതു ശേഷിച്ചിട്ടുള്ളു. 23-ഉം 65-ഉം സങ്കീർത്തനങ്ങളിൽ മാത്രമാണ് കവിയായ ദാവീദ് പരസ്പരം പൂരകങ്ങളായ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ മനോഹരമായി വർണ്ണിച്ചിരിക്കുന്നത്. മനുഷ്യന് വേണ്ടതെല്ലാം ദൈവം പ്രകൃതിയിൽ ഒരുക്കിയിട്ടുണ്ട്. എന്നാൽ ത്വര പൂണ്ട മനുഷ്യൻ അത്യാർത്തികൊണ്ട് പ്രകൃതിയെ ചൊൽപ്പടിക്ക് നിർത്താനായി ശ്രമിച്ചപ്പോൾ പ്രകൃതി മനുഷ്യനെതിരായി തിരിഞ്ഞു. അതിന്റെ പരിണിത ഫലങ്ങളാണു പ്രകൃതി ദുരന്തങ്ങളായി നാമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ദൈവത്തിന്റെ സ്വന്തം ജനമെന്ന് ഊറ്റം കൊള്ളുന്ന നമ്മൾ- ക്രിസ്ത്യാനികൾ മാനവരാശിക്ക് മാതൃകയായി തീരേണ്ടവരാണ്. ദൈവം നമ്മെ ഏല്പ്പിച്ച കർത്തവ്യങ്ങളിൽനിന്നും നാം അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണെന്നുള്ള യാഥാർത്ഥ്യം മറച്ചു വച്ചിട്ടു കാര്യമില്ല. നമ്മുടെ പള്ളികളും ആരാധനാലയങ്ങളും അതിന് ഉത്തമ ഉദാഹരണങ്ങളാണ്. ഒരു പുൽച്ചെടിപോലും വളരാനനുവദിക്കാതെ ഒരു തുള്ളിവെള്ളം ഭൂമിയിൽ താഴാതെ പള്ളിമുറ്റങ്ങൾ ആഡംബര ടൈൽ പാകി മനോഹരമാക്കിയിരിക്കുന്നു. എന്നിട്ട് അതിനുമുകളിൽ കയറിനിന്നുകൊണ്ട് നാം പ്രകൃതി സംരക്ഷണത്തെപ്പറ്റിയും പരിസ്ഥിതിയെക്കുറിച്ചും നീണ്ട പ്രസംഗങ്ങൾ നടത്തും. നമ്മുടെ ശവക്കോട്ടകൾപോലും ഇതിനൊരപവാദമല്ല. മൃതശരീരത്തിൽ ഒരു നുള്ള് മണ്ണ് വാരിയിടണമെങ്കിൽ വല്ല അങ്ങാടിക്കടയിലും പോയി വിലയ്ക്കു വാങ്ങണം.

1972 ജൂൺ 5 ന് സ്റ്റോക്ക്ഹോമിൽ യു.എൻ. ജനറൽ അസംബ്ലിയുടെ നേതൃത്വത്തിൽ ആദ്യമായി പരിസ്ഥിതി ദിനത്തിന് തുടക്കം കുറിച്ചു. എല്ലാ വർഷവും ജൂൺ 5ന് അത് നമ്മൾ ആഘോഷമായി ആചരിക്കുന്നു. വൃക്ഷതൈകൾ നടുന്നു. സെമിനാറുകളും പ്രഭാഷണങ്ങളും നടത്തി ഫോട്ടോ പത്ര, മാസികകളിൽ പ്രസിദ്ധീകരിക്കുന്നു. എന്നാൽ മുൻ വർഷങ്ങളിൽ നട്ട വൃക്ഷതൈകൾക്ക് എന്തുപറ്റി എന്നതിനെക്കുറിച്ചൊരു കുമ്പസാരം നടത്തുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

ഇൻഡ്യയിൽ ഏറ്റവുമധികം ജലദൗർലഭ്യമുള്ളസംസ്ഥാനമാണ് രാജസ്ഥാൻ. കുടിവെള്ളത്തിനുവേണ്ടി കിലോമീറ്ററുകളോളം താണ്ടി പോകേണ്ട ഒരു കാലം അവിടെയുണ്ടായിരുന്നു. നിരന്തരമായ പരിശ്രമത്തിലൂടെയും സർക്കാരിന്റെ സഹായത്തിലൂടെയും അവർ സ്ഥിതി മെച്ചപ്പെടുത്തി. ഏതാണ്ട് പതിനായിരത്തോളം കുളങ്ങൾ സ്ത്രീകളും വിദ്യാർത്ഥികളും മുൻ പന്തിയിൽനിന്ന് കുഴിച്ചു. നദികളിൽ തടയണകൾ നിർമ്മിച്ചു. പ്രാദേശികമായി കിട്ടുന്ന തടികളും കല്ലുകളുമാണ് അവർ ഇതിനായി ഉപയോഗിച്ചത്. 'പാനി അമൃത്ഹേ. ഉസ്കോ നഷ്ട് ന കരോ' അതാണവരുടെ വേദവാക്യം. എന്നാൽ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ എന്തു സംഭവിക്കുന്നു. അശാസ്ത്രീയമായി പാറകൾ പൊട്ടിച്ചും തണ്ണീർത്തടങ്ങൾ മണ്ണിട്ടു നികത്തിയും പ്രകൃതിയെ നിരന്തരം ചൂഷണം ചെയ്തുകൊണ്ട് നമ്മൾ സുഖലോലുപതയിൽ ജീവിക്കുന്നു. 44 നദികളും മൺസൂൺ കാലങ്ങളിൽ ധാരാളം മഴയും ഉണ്ടെന്നുള്ള ധാരണയിൽ കേരളം ഉറക്കം നടിക്കുന്നു. കോളറിഡ്ജ് കവിതയാണ് ഓർമ്മ വരുന്നത്.

"വെള്ളം വെള്ളം സർവത്ര. ഒരു തുള്ളി കുടിപ്പാനില്ല." ഈ അവസ്ഥയിലേക്ക് നാം പെട്ടെന്ന് മാറിക്കൊണ്ടിരിക്കുകയാണ്. പ്രളയത്തിനുശേഷം നമ്മുടെ മണ്ണിന്റെ ഘടനയിൽ വലിയ മാറ്റം സംഭവിച്ചു എന്നാണ് ശാസ്ത്രജ്ഞന്മാർ വെളിപ്പെടുത്തുന്നത്. അതിന്റെ കൂടെ പ്രകൃതിക്കിണങ്ങാത്ത നിർമ്മിതികളും വികസന പ്രവർത്തനങ്ങളും നമ്മുടെ ജലസ്രോതസ്സുകളെ ശുഷ്ക്കമാക്കിക്കൊണ്ടിരിക്കുന്നു. അടുത്ത കാലത്തുണ്ടായ കാട്ടു തീയിൽ നമ്മുടെ 1000 ഏക്കർ വനം നഷ്ടമായെന്നാണ് കണക്ക്. വനനശീകരണത്തിലൂടെ മഴയുടെ ലഭ്യത കുറയുന്നു എന്ന യാഥാർത്ഥ്യം നാമിനിയും മനസ്സിലാക്കിയിട്ടില്ല എന്നു തോന്നുന്നു. ഇത്രയധികം മതിലുകളുള്ള ഒരു സംസ്ഥാനവും ഇൻഡ്യയിലില്ല. ആകെ 30 ലക്ഷം കിലോമീറ്റർ മതിലുകളാണ് നമുക്കുള്ളത്. വീടിനേക്കാൾ വലിയ മതിലുകൾ കെട്ടി പുത്തൻ തലമുറ അതിനുള്ളിൽ ഇടുങ്ങിയ മനസ്സുമായി ഒതുങ്ങി കഴിയുന്നു.

ഇനിയൊരു ലോക മഹായുദ്ധമുണ്ടായാൽ അത് ജലത്തിനുവേണ്ടിയായിരിക്കുമെന്നു പറഞ്ഞാൽ അതിശയോക്തിയായിരിക്കില്ല. ഇപ്പോൾ തന്നെ സംസ്ഥാനങ്ങൾ തമ്മിൽ ജലയുദ്ധം നടത്തുന്നത് നാം കാണുന്നുണ്ടല്ലോ. കേരളത്തിലും ഇത് സംഭവിച്ചു കൂടായ്കയില്ല. കരുതിയിരുന്നില്ലെങ്കിൽ ജലബാങ്കുകളായ പർവ്വതങ്ങളും പാറക്കെട്ടുകളും നദികളും തണ്ണീർത്തടങ്ങളും ധാരാളമുള്ള കേരളത്തിലെ ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി നെട്ടോട്ടമോടുന്ന ദുരവസ്ഥ സമീപഭാവിയിൽ തന്നെ ഉണ്ടാവാം. ഇനി അല്പം കണക്കുകൾ പറയട്ടെ.

ശരാശരി നൂറു ലക്ഷം കോടി ലിറ്റർ മഴവെള്ളം ഒരു വർഷം നമുക്കു ലഭിക്കുന്നു. ശുദ്ധജലത്തിനു അതിന്റ ആയിരത്തിലൊരംശം മതി. മുറ്റം മുഴുവൻ (കഴിയുമെങ്കിൽ പുരയിടവും) ആഡംബര ടൈലുകൾ പാകി വെള്ളം മുഴുവൻ അയൽക്കാരന്റെ പുരയിടത്തിലേക്കോ റോഡിലേക്കോ ഒഴുകുന്നു. അവിടെ നിന്നു കടലിലേക്കും. ഇതിനെ വേണ്ട രീതിയിൽ സംരക്ഷിച്ച് സംഭരിച്ചാൽ ലിറ്ററിന് 1 രൂപാ വച്ച് കണക്കാക്കിയാൽപോലും നൂറു ലക്ഷം കോടി രൂപയുടെ വെള്ളം നമുക്കു ലഭിക്കുന്നു. കേരളത്തിന്റെ ആകെ ആഭ്യന്തര വരുമാനവുമായി തട്ടിച്ചു നോക്കിയാൽ ഇതിന്റെ വലുപ്പം മനസ്സിലാകും. മഴവെള്ളം പാഴാക്കിയും ജലസ്രോതസ്സുകൾ നശിപ്പിച്ചും നാം ജീവിച്ചാൽ അരിയും പച്ചക്കറിയുംപോലെ ഒരു നാൾ പച്ചവെള്ളംപോലും നമുക്ക് ഇറക്കുമതി ചെയ്യേണ്ടിവരും. ഇതിനെല്ലാമുപരി ഉള്ള കഞ്ഞിയിൽ പാറ്റായിടുന്ന മറ്റൊരു സ്വഭാവംകൂടി നമുക്കുണ്ട്. വഴിയിലും പുഴയിലും യാതൊരു മന:സാക്ഷിക്കുത്തുമില്ലാതെ നാം മാലിന്യം വലിച്ചെറിയുന്നു. രാവിലെ നടക്കാൻ പോകുമ്പോൾ വില കൂടിയ കാറിലും ഇരുചക്രവാഹനങ്ങളിൽനിന്നുമുള്ള മാലിന്യം വലിച്ചെറിയൽ ഇന്നൊരു പതിവു കാഴ്ചയാണ്. ഇവരാരും പിടിക്കപ്പെട്ടാലും ഊരി പോകും. നമുക്ക് ഇവർക്കുവേണ്ടി പ്രാർത്ഥിക്കാം.

കർത്താവേ ഇവർ ചെയ്യുന്നത് എന്താണെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ. ●

# തെങ്ങേലി സെന്റ് മേരീസ് ക്നാനായപള്ളിയിൽ 1674-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം

റോയി പുത്തൻപുരയ്ക്കൽ, ജനറൽ സെക്രട്ടറി ,ക്നാനായ കോൺഗ്രസ്

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1674-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം 2019 മെയ് 24,25,26 തീയതികളിൽ തെങ്ങേലി സെന്റ് മേരീസ് ക്നാനായ പള്ളി യിലെ ക്നായി തൊമ്മൻ നഗറിൽവച്ച് നടത്തപ്പെട്ടു.

സമ്മേളനത്തിനു മുന്നോടിയായി മെയ് 19 ഞായറാഴ്ച ക്നാനായ സമുദായത്തിന്റെ ചരിത്രം ഉറങ്ങുന്ന ക്നായിതോമായുടെ പാദസ്പർശമേറ്റ കൊടുങ്ങല്ലൂരിലെ ക്നാനായ പൈതൃക സ്മാരകത്തിൽ നിന്നും ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ, ശ്രീ. സ്ക്കറിയാ തോമസ് EX. M P, ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ കോൺഗ്രസ് ഭാരവാഹികൾ, സ്വാഗത സംഘം ഭാരവാഹികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കൈമാറിയ പതാക, ദീപശിഖ, ഛായചിത്രപ്രയാണം വിവിധ ദേവാലയങ്ങളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി തെങ്ങേലി സെന്റ് മേരീസ് ക്നാനായ പള്ളിയിൽ എത്തിച്ചേർന്നു. അഭി.കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സമ്മേളന നഗരിയിൽ പതാക ഉയർത്തി. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം നേതൃത്വം നൽകി.

ഒന്നാം ദിവസം മെയ് 24 വെള്ളിയാഴ്ച ഫാ.ബിനു മാത്യു പയ്യനാട്ടിന്റെ കാർമ്മികത്വത്തിൽ വി.കുർബ്ബാന അർപ്പിച്ചു.

വൈകിട്ട 5.30 ന് ഉദ്ഘാടനസമ്മേളനം ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടി. ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുൻ ചെയർമാൻ ജസ്റ്റീസ് ജെ. ബി. കോശി ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം ചെയർമാൻ ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട് സ്വാഗതം പറഞ്ഞു. മലങ്കര കത്തോലിക്ക സഭ മാവേലിക്കര ഭദ്രാസനാധിപൻ അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ M.L.A., ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. ഡോ. എ. റ്റി.ഏബ്രഹാം ആലുംമൂട്ടിൽ, വികാരി ജനറാൾ ഫാ. രാജൻ ഏബ്രഹാം കുളമടയിൽ, സാബു തോട്ടുങ്കൽ, ജയ്മോൻ മേപ്രത്ത് എന്നിവർ പ്രസംഗിച്ചു. അനീഷ് റ്റി. സി. തകിടിയിൽ കൃതജ്ഞത പറഞ്ഞു.

ക്നാനായ സമുദായത്തിലെ S.S.L.C, +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയവരെ സമ്മേളനത്തിൽ അനുമോദിച്ചു. വൈകിട്ട് 7.30 ന് കലാസന്ധ്യ ഫ്ളവേഴ്സ് ടി.വി. ഫെയിം. ഫാ. സേവേറിയോസ് തോമസ് ഉദ്ഘാടനം ചെയ്തു. മനോജ് മടുത്തുമൂട്ടിൽ സ്വാഗതം പറഞ്ഞു.

രണ്ടാം ദിനമായ മെയ് 25 ശനിയാഴ്ച ഫാ. സിജോ വട്ടോത്ര വി. കുർബ്ബാന അർപ്പിച്ചു. 12.00 P. M. ന് ഹൈസ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ നിന്നും മികച്ച പ്രതിഭകളെ കണ്ടെത്തുന്ന ക്നാനായ യുവപ്രതിഭാ മത്സരം നടന്നു. സ്വാഗത സംഘം വൈസ് ചെയർമാൻ ഫാ. കെ. എ. പുന്നൂസ് കുന്നേലിന്റെ അദ്ധ്യക്ഷതയിൽ ഓതറ നസ്രേത്ത് കോളേജ് ഓഫ് ഫാർമസി മാനേജർ ഫാ. ജെയിൻ തോമസ് കുളത്തിങ്കൽ ഉദ്ഘാടനം ചെയ്തു. യുവപ്രതിഭാ മത്സരം സ്പോൺസർ ചെയ്തത് ഓതറ നസ്രേത്ത് കോളേജ് ഓഫ് ഫാർമസിയാണ്. J.C.I Trainer's നേതൃത്വം നൽകി.

വൈകിട്ട് 5.30 ന് മത സൗഹാർദ്ദ സാംസ്ക്കാരിക സമ്മേളനം നടന്നു.

ക്നാനായ കോൺഗ്രസ് കേന്ദ്ര പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം മലങ്കര മാർത്തോമ്മാ സഭയുടെ അദ്ധ്യക്ഷൻ അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ



ഉദ്ഘാടനം ചെയ്തു. ശ്രീ. മാത്യു ടി.തോമസ് M.L.A., ശ്രീ. സജി ചെറിയാൻ M.L.A., തിരുവല്ല മുൻസിപ്പൽ ചെയർമാൻ ശ്രീ. ചെറിയാൻ പോളച്ചിറയ്ക്കൽ, കുറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശ്രീലേഖ രഘുനാഥ്, ശ്രീമതി ബിന്ദു മോൻസി, പ്രസന്ന സതീഷ്, ലൈജു ഇടയാടിയിൽ, ജോബി കാരിക്കോട്ട്, ഡോ. റീബു കണ്ണൻകേരിൽ, അനീഷ് കയ്യത്ര, ഏബ്രഹാം ചാങ്ങയിൽ തുടങ്ങിയവർ പ്രസംഗിച്ചു. ശ്രീ. ജേക്കബ് കണ്ണാട്ടിപ്പുഴ കൃതജ്ഞത പറഞ്ഞു.

വൈകിട്ട് 7.00 P.M. ന് കലാസന്ധ്യ പ്രശസ്ത സിനിമാ താരം സുനിൽ സുഗതൻ ഉദ്ഘാടനം ചെയ്തു.

മൂന്നാം ദിവസമായ മെയ് 26 ഞായറാഴ്ച ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ വി. കുർബ്ബാന അർപ്പിച്ചു.

തുടർന്ന് സ്വവംശ വിവാഹം വേദപുസ്തക വീക്ഷണത്തിൽ എന്ന വിഷയത്തെപ്പറ്റി ശ്രീ തോമസ് ജോൺ കുളങ്ങര പ്രഭാഷണം നടത്തി.

11. 30 മുതൽ പരിചമുട്ടുകളി, മാർഗ്ഗംകളി, നടവിളി മത്സരങ്ങൾ നടന്നു.

2.00 P.M. ന് ക്നാനായ ദമ്പതി മത്സരം നടത്തപ്പെട്ടു. സ്വാഗതസംഘം വൈസ് ചെയർമാൻ ഫാ. മനോജ് മുണ്ടിയത്രയുടെ അദ്ധ്യക്ഷതയിൽ വൈദിക ട്രസ്റ്റി ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ ഉദ്ഘാടനം ചെയ്തു. JCI Trainer വിനോദ് ശ്രീധർ & ടീം ദമ്പതി മത്സരത്തിന് നേതൃത്വം നൽകി. കുവൈറ്റ് സെന്റ് പീറ്റേഴ്സ് ക്നാനായപള്ളി ക്നാനായ കോൺഗ്രസ് യൂണിറ്റ് ആണ് ദമ്പതിമത്സരം സ്പോൺസർ ചെയ്തത്.

വൈകിട്ട് 6.00 P.M. ന് 1674-ാമത് സിറിയൻ കുടിയേറ്റ വാർഷിക സമാപന സമ്മേളനം നടന്നു.

അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനം ബഹു. പുരാവസ്തു തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ സ്വാഗതം ആശംസിച്ചു.

ബഹു. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ വിവിധ ദേവാലയങ്ങളിൽ നടത്തുന്ന സ്വാശ്രയസംഘത്തിന്റേയും, പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെയും ഉദ്ഘാടന നിർവ്വഹിച്ചു.

അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ തുടങ്ങിയവർ അനുഗ്രഹപ്രഭാഷണം നടത്തി, ശ്രീ. രാജു ഏബ്രഹാം M.L.A., ക്നാനായ സമുദായ ട്രസ്റ്റി കമാൻഡർ സ്ക്കറിയാ തോമസ് EX.M.P. സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ കമ്മറ്റി അംഗം സാബു കണ്ണാട്ടിപ്പുഴ, ബിനു കുരുവിള കല്ലേമണ്ണിൽ, കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, സജി താന്നിയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

സമ്മേളനത്തിൽ കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ നിന്നും വിജയിച്ച തോമസ് ചാഴിക്കാടൻ M.P., പത്തനംതിട്ട പാർലമെന്റ് മണ്ഡലത്തിൽ നിന്നും വിജയിച്ച ആന്റോ ആന്റണി M.P. തുടങ്ങിയവരെ അനുമോദിച്ചു.

60-ാം വയസ്സിലേയ്ക്ക് പ്രവേശിക്കുന്ന ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയതിരുമേനിയെ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനി, കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി എന്നിവർ ചേർന്ന് പൊന്നാട അണിയിച്ചു.

പൗരോഹിത്യത്തിന്റെ 60-ാം വാർഷികത്തിലേക്ക് പ്രവേശിക്കുന്ന വന്ദ്യ ചിറയിൽ കുര്യാക്കോസ് അച്ചനെ മൊമന്റോ നൽകി ആദരിച്ചു.

സർക്കിൾ ഇൻസ്പെക്ടർ ആയി സ്ഥാനം ലഭിച്ച അനൂപ് ജോസിനെയും സിനിമാതാരം വാണിയേടത്ത് ജോസഫിനെയും ചടങ്ങിൽ ആചരിച്ചു.



സ്വാഗതസംഘം ജനറൽ കൺവീനർ ബേബി വേങ്ങാട്ട് കൃതജ്ഞത പറഞ്ഞു.

മൂന്നു ദിവസങ്ങളിലായി നടന്ന വിവിധ സമ്മേളനങ്ങളിലും കലാപരിപാടികളിലും പങ്കെടുത്ത എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

കലാമത്സരങ്ങളിൽ തിരുവൻവണ്ടൂർ സെന്റ്മേരീസ് ക്നാനായപള്ളി ഒന്നാം സ്ഥാനവും, കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളി രണ്ടാം സ്ഥാനവും, കല്ലിശ്ശേരിപള്ളി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

സമുദായ അംഗങ്ങളെ പരസ്പരം കാണുന്നതിനും, സ്നേഹം പുതുക്കുന്നതിനും, ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിനും ഉതകുന്നവിധം നടത്തപ്പെട്ട നമ്മുടെ കുടുംബമേളക്ക് നേതൃത്വം നൽകിയ മെത്രാപ്പോലീത്തമാർ, വൈദികർ, ക്നാനായ സമുദായ ഭാരവാഹികൾ, ക്നാനായ കോൺഗ്രസ് കേന്ദ്ര, മേഖല, യൂണിറ്റ് ഭാരവാഹികൾ, കൺവീനന്മാർ, തെങ്ങേലിപള്ളി ഭാരവാഹികൾ, ഇടവക അംഗങ്ങൾ, തിരുവൻവണ്ടൂർ സെന്റ്മേരീസ് ക്നാനായപള്ളി ഇടവക അംഗങ്ങൾ, സിറിയൻ ക്നാനായ വാർഷിക സംഗമത്തിൽ പങ്കെടുക്കുകയും ചെറുതും വലുതുമായ സംഭാവനകൾ നൽകി സഹായിക്കുകയും പങ്കെടുക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

# ഇങ്ങനെയും ജീവിതം

റാന്നി ഗവൺമെന്റ് ആശുപത്രി സന്ദർശനത്തിൽ കണ്ടുമുട്ടിയതായിരുന്നു നെയ്യാറ്റിൻകര സ്വദേശി രാജു (46). തന്റെ ജോലിയോടു ബന്ധപ്പെട്ട് ഇപ്പോൾ ഇടപ്പാവൂരിൽ ഒരു സുഹൃത്തിനൊപ്പം താമസിച്ചുവരുന്നു. ടാപ്പിങ്ങ് ആണ് തൊഴിൽ. ഒപ്പം തടിപ്പണിയും സമയം കിട്ടുന്നതനുസരിച്ച് ചെയ്യാറുണ്ട്. ഒരു മാസത്തിനു മുമ്പ് ഒരിടത്ത് മരം മുറിക്കുന്നതിനിടയിൽ വലിയ ഒരു അപകടം സംഭവിച്ചു. വെട്ടിയിട്ട തടി തെന്നിമാറി തന്റെ ഇടതുകാലിന്റെ പൊത്തയ്ക്ക് തറച്ചുകേറി, കാൽപ്പാദത്തിൽ ആഴത്തിൽ മുറിവുണ്ടായി. കോട്ടയം മെഡിക്കൽ കോളേജിൽ എത്തിച്ച് ഓപ്പറേഷൻ നടത്തി. അകത്തും പുറത്തുമായി അസംഖ്യം കുത്തിക്കെട്ടുമായി ദിവസങ്ങൾക്കു ശേഷം അവർ അടുത്തുള്ള ഗവൺമെന്റ് ആശുപത്രിയിലേയ്ക്ക് തുടർന്നുള്ള ചികിത്സയ്ക്കായ് വിട്ടതാണ്. മുറിവ് ഉണങ്ങി വരുന്നുണ്ടെങ്കിലും തുറന്നിരിക്കുന്ന മുറിവിനുമുകളിൽ സ്കിൻ ഗ്രാഫി ചെയ്യേണ്ടത് ആവശ്യമാണ്.

ഭാര്യയും രണ്ടു മക്കളുമുണ്ട്. മകൾ വിവാഹിതയായി വീട്ടിൽ പ്രസവാനന്തര പരിചരണത്തിലാണ്. മകൻ ഡിപ്ലോമ കഴിഞ്ഞ് വീട്ടിൽ നിൽക്കുന്നു. വീട്ടിലെ ഏക വരുമാന മാർഗ്ഗം തന്റെ ജോലിയാണ്. ഈ അപകടംമൂലം അതിനു പോകുവാനും കഴിയുന്നില്ല. വീട്ടിലുള്ള ബന്ധപ്പെട്ടവർക്ക് വന്നുനിന്ന് ശുശ്രൂഷിക്കുവാൻ അസൗകര്യങ്ങൾ ഏറെയുണ്ടെന്ന് ചോദിച്ചപ്പോൾ പങ്കുവച്ചു. സുഹൃത്തിന്റെ തിരക്കിനിടയിലുള്ള പരിചരണമാണുള്ളത്. ഭവനത്തിലെ ഒഴിച്ചുകൂടാത്ത വലിയ ഉത്തരവാദിത്തങ്ങൾ ഒരു വശത്ത്, മറുവശത്ത് വലിയ അപകടത്തെ അതിജീവിച്ച ആത്മവിശ്വാസം. തനിച്ചിരിക്കുമ്പോഴും തന്റെ പുഞ്ചിരിതൂകുന്ന മുഖത്ത് ഒരു വലിയ വിശ്വാസം കാണാമായിരുന്നു. പരാതിയോ പരിഭവമോ ഇല്ലാത്ത പ്രതിസന്ധിയിലും പതറിപ്പോകാത്ത പ്രത്യാശയുള്ള മനുഷ്യൻ. തന്റെ കാലിന്റെ വേദനയെ കടിച്ചമർത്തി ഡോക്ടറുടെ വരവിനായ് കാത്തിരിക്കുന്ന മനുഷ്യൻ. അദ്ദേഹം ഒരു തികഞ്ഞ ദൈവവിശ്വാസിയാണ്.


അദ്ദേഹത്തിന്റെ സാഹചര്യങ്ങളും ചുറ്റുപാടുകളും മനസ്സിലാക്കിയ ഞങ്ങൾ എന്തെങ്കിലും സാമ്പത്തികമായോ/മരുന്നുവാങ്ങിയോ സഹായം ചെയ്യാമെന്നു വിചാരിച്ചപ്പോൾ അതു സ്നേഹപൂർവ്വം നിരസിക്കുകയും, പ്രാർത്ഥന അഭ്യർത്ഥിക്കുകയും ചെയ്ത ആ മനുഷ്യനോട് എനിക്ക് ഏറെ ബഹുമാനം തോന്നി. പണത്തിനേക്കാൾ ഉപരി പ്രാർത്ഥനയ്ക്ക് പ്രാധാന്യം കല്പിക്കുന്ന നിരാലംബൻ. പലപ്പോഴും ജീവിത തിരക്കിനിടയിൽ മനുഷ്യർ മറന്നും, മാറ്റിയും വയ്ക്കുന്നതാണ് പ്രാർത്ഥന. ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങളേയും, പ്രതിസന്ധികളേയും പ്രത്യാശയോടു നേരിടുവാൻ സഹായിക്കുന്ന പരമമായ ഒരു യാഥാർത്ഥ്യമാണ് പ്രാർത്ഥന.

ദൈവത്തോടുള്ള വിശ്വാസിയുടെ സംസർഗമാണു പ്രാർത്ഥന. ദൈവിക സംസർഗത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്നതാണ് ആരോഗ്യവും, ആനന്ദവും, സൗഖ്യവും, സമാധാനപൂർണ്ണവുമായ ജീവിതവും. എന്തുണ്ടെങ്കിലും ദൈവിക സംസർഗം നഷ്ടപ്പെടുന്നിടത്ത് നാശം ആരംഭിക്കുന്നു. പ്രശ്നത്തിലും, പ്രതിസന്ധിയിലും പ്രത്യാശയുളവാക്കുവാൻ പ്രാർത്ഥന പര്യാപ്തമാണ്.

ഇയ്യോബ് 8:5-6 "നീ ദൈവത്തെ ശ്രദ്ധയോടെ അന്വേഷിക്കയും, സർവ്വശക്തനോടപേക്ഷിക്കുകയും ചെയ്താൽ, നീ നിർമ്മലനും, നേരുള്ളവനുമെങ്കിൽ അവൻ ഇപ്പോൾ നിനക്കുവേണ്ടി ഉണർന്നുവരും, നിന്റെ നീതിയുള്ള വാസസ്ഥലത്തെ യഥാസ്ഥാനത്താക്കും." നിസ്സഹായതയിലും, നിരാലംബതയിലും ഭൗതിക സമ്പത്തിനെ സ്നേഹിക്കാതെ ദൈവത്തിൽ വിശ്വസിക്കുകയും, ആശ്രയിക്കുകയും ചെയ്യുന്നവൻ നിർമ്മലനും നിഷ്കളങ്കനുമാണ്. അങ്ങനെയുള്ളവനെ സഹായിപ്പാനും, നീതിയിൽ യഥാസ്ഥാനപ്പെടുത്തുവാനും സർവ്വശക്തൻ സർവ്വസന്നദ്ധനാണ്. സർവ്വശക്തന്റെ സഹായത്തിന്റെയും കരുണയുടെയും കരമായ് തീരുവാൻ നിയോഗം ലഭിച്ചവരാണ് വിളിക്കപ്പെട്ട ഒരോ വിശ്വാസിയും. നാം ക്രിസ്തുയേശുവിലൂടെ പരിശുദ്ധാത്മാവിൽ വിളിയ്ക്കപ്പെട്ടത് സഹജീവികൾക്ക് സർവ്വശക്തന്റെ സഹായകരമായി തീരുവാനാണ്. അതിനായ് ജീവിതത്തിൽ വന്നു ചേരുന്ന അവസരങ്ങൾ മാറ്റിവയ്ക്കാതെ തക്കത്തിനു വിനിയോഗിക്കുവാൻ നമുക്ക് ഇടയാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

Fr. Andrews Kadappangattu, Ranni
Mob. 9495184701

**പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന**



**ബഹു. ഫാ. ജോൺ മാത്യു മൂലംകുളത്തിന്**

**ആശംസകൾ**

# മൂന്ന് വിശിഷ്ട സന്ദർശകർ

സി.ഐ. ചാക്കോ, കൊച്ചുപറമ്പിൽ, നീലംപേരൂർ

ഒരു ഗൃഹനായിക അവരുടെ വീടിന് പുറത്തേക്കു വന്നപ്പോൾ മുറ്റത്ത് മൂന്നു പേർ ഇരിക്കുന്നതായി കണ്ടു. നീണ്ടു നരച്ച താടിയുള്ള അവരിൽ കുലീനത്വം പ്രകടമായിരുന്നു. ഇവരെ നേരത്തെ പരിചയമില്ല. എന്തിനാണ് നിങ്ങൾ വന്നത് എന്ന് ചോദിച്ചു. ദയവായി അകത്തേക്കു വരുവാൻ ക്ഷണിച്ചു. എന്തെങ്കിലും ഭക്ഷണം ക്രമീകരിക്കാം. നിങ്ങളുടെ ഭർത്താവ് എവിടെ എന്ന് അവർ ചോദിച്ചു. അപ്പോൾ ഭർത്താവുമായി എന്തെങ്കിലും ഇടപാടുകൾ കാണുമെന്ന് അവർ നിരൂപിച്ചു. ഭർത്താവ് ഇവിടെ ഇല്ല എന്ന് അവൾ പറഞ്ഞു. ഞങ്ങൾ ഇപ്പോൾ അകത്തേക്ക് വരുന്നില്ല, അത് ഉചിതമല്ല എന്ന് അവർ പറഞ്ഞു.

അന്നു വൈകിയപ്പോൾ ഗൃഹനാഥൻ എത്തി, അയാൾ എളുപ്പവഴിക്ക് ഭവനത്തിന്റെ പിൻവാതിലിൽകൂടി അകത്തു കടന്നു. വേഗത്തിൽ ഭർത്താവിനെ സ്വീകരിച്ചിട്ട് പുറത്തു നിൽക്കുന്ന വിശിഷ്ട സന്ദർശകരെക്കുറിച്ച് പറഞ്ഞു. അയാൾ വേഷം മാറുന്നതിനിടയിൽ അവരെ അകത്തേക്ക് കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞു. അവൾ അവരെ അകത്തേക്കു ക്ഷണിച്ചു, ഭർത്താവ് വന്നിട്ടുണ്ട് കാണാമല്ലോ എന്നു പറഞ്ഞു. അവർ മറുപടിയായി പറഞ്ഞു, ഞങ്ങൾ മൂന്നു പേരും ഒരുമിച്ച് ഒരു വീട്ടിൽ പ്രവേശിക്കുകയില്ല. അവരിൽ ഒരാൾ അവരെ പരിചയപ്പെടുത്തി. ആ നിൽക്കുന്നത് "സമ്പത്ത്," അടുത്തു നിൽക്കുന്നത് 'വിജയം', ഞാനാകട്ടെ "സ്നേഹം'. ഞങ്ങൾ മൂന്നുപേരും ആരെന്ന് മനസ്സിലായല്ലോ. ഇനിയും ആരെയാണ് ക്ഷണിക്കേണ്ടത് എന്ന് ഭർത്താവിനോടു പറയുക എന്നു പറഞ്ഞു.

ഭാര്യ സന്തോഷത്തോടെ വിവരങ്ങൾ പറഞ്ഞു. കൊള്ളാം നല്ല കാര്യം. അങ്ങനെയെങ്കിൽ സമ്പത്തിനെ സ്വാഗതം ചെയ്യാം. ഭവനത്തിന്റെ സാമ്പത്തിക കാര്യങ്ങളിൽ ഭാരപ്പെടുന്ന ഗൃഹനാഥൻ അപ്രകാരം പ്രതികരിച്ചതിൽ അത്ഭുതപ്പെടാനില്ല. അപ്പോൾ ഭാര്യ പറഞ്ഞു, എന്റെ മനുഷ്യാ മനുഷ്യ സമ്പത്തിനേക്കാൾ അഭികാമ്യം വിജയമാണ്. അതുകൊണ്ട് നമുക്ക് വിജയത്തെ ക്ഷണിക്കാം സമ്പത്തുണ്ടായാലും വിജയം നേടണമെന്നില്ല അതുകൊണ്ട് അവളുടെ പ്രായോഗിക ബുദ്ധി ഉണർത്തിയ നിർദ്ദേശമാണ് വച്ചത്. അച്ഛന്റെയും അമ്മയുടെയും സംഭാഷണം ശ്രദ്ധിച്ചുകൊണ്ട് അടുത്ത മുറിയിൽ ഇരുന്ന മകൾ മുന്നിലെത്തി. സ്നേഹവും പ്രേമവും ഒക്കെ പതഞ്ഞു പൊങ്ങിയ അവളുടെ പ്രായത്തിൽ അവൾ പറഞ്ഞു നമുക്ക് സ്നേഹത്തെ ക്ഷണിക്കാം. അതാണ് ഏറ്റവും നല്ലത്. മകളുടെ അഭിപ്രായം ശ്രദ്ധിച്ച പിതാവ് പറഞ്ഞു എന്നാൽ നമുക്ക് സ്നേഹത്തെ ക്ഷണിക്കാം, എല്ലാവരും ആ തീരുമാനത്തിലെത്തി. ഭാര്യയാണല്ലോ ആദ്യം സന്ദർശകരെ കണ്ടതും പരിചയപ്പെട്ടതും. അതുകൊണ്ട് അവൾ തന്നെ പുറത്തേക്കു വന്നു പറഞ്ഞു. നിങ്ങളിൽ ആരാണ് സ്നേഹം, അദ്ദേഹം ദയവു ചെയ്തു അകത്തേക്ക് വന്നാലും.

സ്നേഹം എഴുന്നേറ്റ് അവളെ പിൻചെന്നു ഭവനത്തിലേക്ക് നടക്കുകയായിരുന്നു. അപ്പോൾ മറ്റു രണ്ടുപേരും അദ്ദേഹത്തെ പിൻതുടർന്നു. തിരിഞ്ഞു നോക്കിയ ഗൃഹനായിക ആശ്ചര്യപ്പെട്ട് മറ്റ് രണ്ടുപേരോടും എന്തിനു പിൻതുടരുന്നു എന്നു ചോദിച്ചു. അവൾ പരസ്യമായി പറഞ്ഞു, ഞാൻ സ്നേഹത്തെ മാത്രമല്ലേ ക്ഷണിച്ചത് എന്തിനാണ് മറ്റു രണ്ടു പേരും അനുഗമിക്കുന്നത്.

മൂന്നുപേരും ഒരുമിച്ചാണ് മറുപടി പറഞ്ഞത്. നിങ്ങൾ സമ്പത്തിനെയോ വിജയത്തിനെയോ ആയിരുന്നു ക്ഷണിച്ചതെങ്കിൽ ഞങ്ങൾ രണ്ടുപേരും പിരിഞ്ഞു പോകുമായിരുന്നു. എന്നാൽ നിങ്ങൾ സ്നേഹത്തെ ക്ഷണിച്ചതുകൊണ്ട് ഞങ്ങൾ അദ്ദേഹത്തെ പിൻപറ്റുകയാണ്. അദ്ദേഹം പോകുന്നിടത്തെല്ലാം ഞങ്ങളും അനുഗമിക്കുകയാണ് പതിവ്. എവിടെ സ്നേഹമുണ്ടോ അവിടെ സമ്പത്തും വിജയവും ഉണ്ടായിരിക്കും.

ഭാവനാ പൂർണ്ണമായ ഈ കഥ സ്നേഹത്തിന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നു. ഏതു മാർഗ്ഗത്തിൽ കൂടിയും സമ്പത്ത് ഉണ്ടാക്കുവാനുള്ള പരക്കം പാച്ചിലാണ് എവിടെയും, അതിന് എന്തെല്ലാം കുതന്ത്രങ്ങൾ സ്വീകരിക്കുന്നു. ആത്മീയ മാർഗ്ഗങ്ങളിൽ ചരിക്കുന്നവരിൽ പലരുടേയും കണ്ണ് സമ്പത്തിലാണ്. സമ്പത്ത് കൈവരിക്കുമ്പോൾ ശക്തിയും സ്വാധീനവും പ്രാമാണ്യവും എല്ലാം സ്വായത്തമാകുന്നു. അതുപോലെ പഠനത്തിലും തൊഴിലിലും എല്ലാം വിജയം വരിക്കാനുള്ള ത്വരയിൽ ഏത് കുറുക്കുവഴിയും സ്വീകരിക്കും. അവിടെ മൂല്യങ്ങൾക്കോ ധാർമ്മികതയ്ക്കോ പ്രസക്തിയില്ല. എങ്ങനെയും വിജയം വെട്ടിപ്പിടിക്കണം. എന്നാൽ സന്ദർശകരിൽ സ്നേഹം വെളിപ്പെടുത്തിയ സത്യം ശ്രദ്ധേയമാണ്

സ്നേഹമുണ്ടെങ്കിൽ കീഴടക്കുവാൻ സാധിക്കും. എല്ലാ മനുഷ്യരിലും നന്മയുടെ അംശം കിടപ്പുണ്ട്. ആ നന്മയിൽ വിശ്വസിക്കണം. സ്വാർത്ഥതയും അസൂയയും നേർപ്പിച്ച് സുതാര്യതയുള്ള മനുഷ്യരാകണം. മറ്റുള്ളവരിലും നല്ല ഗുണമുണ്ടെന്ന് വിശ്വസിക്കണം.

നോമ്പിലെ പ്രഭാത പ്രാർത്ഥനയിൽ നാം ചൊല്ലുന്നുണ്ടല്ലോ; 'സ്നേഹം കൂടാതെ ഒരുവൻ നോമ്പു നോക്കുന്നുവെങ്കിൽ അവന്റെ വ്രതത്തിന് ഒരു വിശേഷതയുമില്ല. പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു. സ്നേഹം അതിനെ കരേറ്റുന്നില്ലാ എങ്കിൽ അതിന്റെ ചിറക് ബലഹീനതയുള്ളതാകുന്നു'. നമ്മുടെ ഭവനങ്ങളിൽ സ്നേഹത്തിന്റെ അന്തരീക്ഷം നിലനിറുത്തുമ്പോൾ ശാന്തിയും സമാധാനവും ഐശ്വര്യവും എല്ലാം അതോടൊപ്പം കൈവന്നുകൊള്ളാം. ●

**നാലു വർഷത്തിനുമേൽ കുടിശ്ശിക ആയാൽ ഇനിമുതൽ ദീപം അയയ്ക്കുന്നതല്ല. ആയതിനാൽ കുടിശ്ശികയുള്ളവർ വരിസംഖ്യ ദയവായി അടയ്ക്കണം. ഓൺലൈനായും വരിസംഖ്യ അടയ്ക്കാവുന്നതാണ്.**

**Ac. No: 57004254154**
**IFSC: SBIN 0070128**
**SBI, Chingavanam**

# ചരിത്രസാക്ഷ്യത്തിന്റെ അലങ്കാരമായ സെന്റ് പീറ്റേഴ്സ് ചാപ്പൽ

**മനോജ് പാലക്കുടിയിൽ** ജനറൽ കൺവീനർ, ചാപ്പൽ നിർമ്മാണക്കമ്മിറ്റി

**2009** ഏപ്രിൽ 1 ബുധനാഴ്ച പരുത്തുംപാറയിൽ, ആഞ്ഞിലിമൂട്ടിൽ റവ. ഫാ. എ. പി. ജേക്കബ് കശ്ശീശായുടെ കെട്ടിടത്തിൽ താല്ക്കാലികമായി സെന്റ് പീറ്റേഴ്സ് ചാപ്പലിന്റെ കൂദാശയും ലാസറിനെ ഉയിർപ്പിച്ച ശനിയുടെ ഓർമ്മ കൊണ്ടാടിയ ഏപ്രിൽ 4 ന് പ്രഥമ വി. കുർബ്ബാനയും ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത അർപ്പിച്ചു. അന്ന് 436 ആളുകൾ വി. കുർബ്ബാനയിൽ പങ്കെടുക്കുകയും 218 ആളുകൾ വി. കുർബ്ബാന അനുഭവിക്കുകയും ചെയ്തു.

റവ. ഫാ. എ. പി. ജേക്കബ് കശ്ശീശാ തന്റെ സ്വന്തം കെട്ടിടം വിട്ടുനൽകിയതാണ് യഥാർത്ഥത്തിൽ ചാപ്പലിന് തുടക്കം കുറിക്കുവാൻ ഇടയാക്കിയത്. അന്നത്തെ വികാരി റവ. ഫാ. രാജൻ ഏബ്രഹാം കുളമടയുടെ പ്രത്യേക താത്പര്യവും ട്രസ്റ്റി ശ്രീ. ജോയി ഉലഹന്നാൻ കുളങ്ങര കളത്തിലും, സെക്രട്ടറി ശ്രീ.തോമസ് കുറിയാക്കോസ് കൊച്ചുമാലത്തുശ്ശേരിയും ഇടവക മാനേജിംഗ് കമ്മറ്റിയും ചാപ്പൽ ആരംഭിക്കുന്നതിനാവശ്യമായ നേതൃത്വം വഹിച്ചു.

ചാപ്പൽ യാഥാർത്ഥ്യമാക്കുന്നതിനായുള്ള പ്രവർത്തനത്തിൽ ഒരു സുപ്രധാന കാൽവെപ്പ് നടത്തപ്പെട്ടത് 2014 ആഗസ്റ്റ് 10 ന് കൂടിയ ബഡ്ജറ്റ് പൊതുയോഗത്തിലാണ്. ചാപ്പലിന് സ്വന്തമായ സ്ഥലം വാങ്ങി, അതിന്റെ നിർമ്മാണം പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ ചാപ്പൽ കമ്മിറ്റിയെ തെരഞ്ഞെടുത്തു. വികാരി അദ്ധ്യക്ഷനായും ട്രസ്റ്റി, സെക്രട്ടറി, ജനറൽ കൺവീനറായി മനോജ് മാത്യു പാലക്കുടിയേയും അഡ്വ. ടിനോ.കെ. തോമസിനെ പബ്ലിസിറ്റി കൺവീനറായും, എം. സി. ചാക്കോ മണിമലയെ ഫിനാൻസ് കമ്മറ്റി കൺവീനറായും കമ്മറ്റി അംഗങ്ങളായി ലിജിമോൻ എബിസൺ മർക്കോസ് നടുവിലേപ്പറമ്പിൽ, കെ. സി. ചാക്കോ കുന്നുംപുറം, എൻ. സി. ഫിലിപ്പ് നക്കര, ജോസ് പള്ളിക്കുന്നേൽ, അനിജ് . കെ. ഏബ്രഹാം കൊല്ലംപറമ്പിൽ, റ്റി. റ്റി. തോമസ് തോട്ടോത്ര, സുമിത് കുരുവിള മാക്കോന്തറ, റിന്റു സഖറിയ നടുവിലേപ്പറമ്പിൽ, സന്തോഷ് സ്കറിയ കാഞ്ഞിരപ്പള്ളി, എം. യു. ചാക്കോ. മൂഴിപ്പാറ, ജൂബി.കെ. ജേക്കബ് കൊല്ലംപറമ്പിൽ, ജിനോഷ് മാത്യു മൂഴിപ്പാറ, സിജോ പി. എസ്. പുത്തൻപറമ്പിൽ എന്നിവരെയും തെരഞ്ഞെടുത്തു.

ഒരു ഘട്ടത്തിൽ ചാപ്പൽ പ്രോജക്ട് മുമ്പോട്ട് പോകുമോ എന്ന സംശയങ്ങൾ ഉണ്ടായപ്പോൾ ലിജിമോൻ എബിസൺ മർക്കോസ് നടുവിലേപ്പറമ്പിലും, എബി ചിറയിൽ കയ്യാലത്തുപറമ്പിലും സഹോദരങ്ങളും നൽകിയ സഹായ ഹസ്തവും ആത്മധൈര്യവും ഒരിക്കലും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ഇതുമൂലം ഇടവകയിലെ ചില അഭ്യുദയകാംക്ഷികൾ പൊതുയോഗത്തിന് മുമ്പുതന്നെ 6 ലക്ഷത്തോളം രൂപ ഓഫർ ചെയ്തു.

2015 മാർച്ച് 29 ന് കൂടിയ വിശേഷാൽ പൊതുയോഗം ഇപ്പോഴത്തെ സ്ഥലം വാങ്ങുന്നത് അംഗീകരിച്ചു. 2014 ലെ ആദ്യഫലത്തിലെ വരവ് മുഴുവനും, കെ.എസ്. റ്റി. പി. യിൽ നിന്നും ലഭിച്ച ഫണ്ടും, ഇടവകയിലെ ആളുകളെ സന്ദർശിക്കുകയും, 397 ആളുകൾ സഹകരിക്കുകയും, അങ്ങനെ 15 സെന്റ് സ്ഥലം പരി. യൂഹാനോൻ ശ്ലീഹായുടെയും പരി. പത്രോസ് ശ്ലീഹായുടെയും അനുഗ്രഹത്താൽ സ്വന്തമാക്കാൻ സാധിച്ചു. 2015 മെയ് 4-ന് സ്ഥലത്തിന്റെ ആധാരം രജിസ്റ്റർ ചെയ്തു.

ഈ സംരംഭം യാഥാർത്ഥ്യമാക്കുന്നതിൽ അക്ഷീണം പ്രവർത്തിച്ച 2014 മുതൽ 2017 വരെ ദയറാപള്ളി വികാരിയായിരുന്ന മോനായി അച്ചനോടുള്ള നന്ദി കരേറ്റുന്നു.

ഫണ്ട് ശേഖരണാർത്ഥം ബഹു. മോനായി അച്ചനും അഡ്വ. ടിനോ.കെ. തോമസും, ഞാനും കൂടി ബാംഗ്ലൂരിൽ പോവുകയും അവിടെയുള്ളവർ നല്ല രീതിയിൽ സഹകരി



ക്കുകയും ചെയ്തു. ബാംഗ്ലൂരിൽ ഞങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കിയ റവ. ഫാ.ജോസഫ് തേനംകുഴി, റവ. ഫാ. ടോം കല്ലുപാലം, ബിജു. ഇ. പി. ഇളംപള്ളിൽ, അനു ഏബ്രഹാം പുലിക്കോട്ട്, ടെണ്ണു തമ്പി കൊച്ചുമാലത്തുശ്ശേരിൽ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

ചാപ്പൽ നിർമ്മാണ കമ്മിറ്റിയംഗം ജോസ് പള്ളിക്കുന്നേൽ U.A.E. സന്ദർശിച്ചപ്പോൾ ഷാർജാപള്ളിയിലുള്ള നമ്മുടെ ഇടവകയിൽപ്പെട്ടവരും മറ്റു ചില അഭ്യുദയകാംക്ഷികളും അകമഴിഞ്ഞ് സഹകരിച്ചതും ഈ സമയത്ത് നന്ദിയോടെ സ്മരിക്കുന്നു.

ദൈവത്തിന്റെ വലിയ കൃപയാലും അനുഗ്രഹത്താലും പരുത്തുംപാറയിൽ വാങ്ങിയ സ്ഥലത്ത് ചാപ്പൽ നിർമ്മിച്ചു നൽകുന്നതിനുള്ള താല്പ്പര്യം ദയറാപള്ളി ഇടവകാംഗം കുളങ്ങര ശ്രീ. കെ. യു. തോമസിന്റെ (കുളങ്ങര സാർ) ആഗ്രഹം മക്കളും, ചിങ്ങവനം കൺ സോ ഗ്രൂപ്പിന്റെ ഉടമസ്ഥരുമായ തോമസ് ജോൺ കുളങ്ങര, സിബി തോമസ് കുളങ്ങര എന്നിവർ കമ്മിറ്റിയെ അറിയിക്കുകയും തുടർന്നുവന്ന പൊതുയോഗം ഇതിന് വളരെ സന്തോഷപൂർവ്വം ഐക്യകണ്ഠേന അനുമതി നൽകുകയും ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങളുടെ ആരംഭം മുതൽ ഇന്നോളം എല്ലാക്കാര്യങ്ങളിലും വളരെ സൂക്ഷ്മതയോടും, കൃത്യതയോടും, ചാപ്പലിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും നിറഞ്ഞ മനസ്സോടെ പൂർത്തീകരിച്ചു തന്ന തോമസ് ജോൺ, സിബി തോമസ് എന്നിവരുടെ പ്രവർത്തന ങ്ങൾ മാതൃകാപരമായ സമർപ്പണമായിരുന്നു.

ദൈവത്തിന്റെ വലിയകൃപയാൽ അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പരി. പത്രോസിന്റെ സിംഹാസനത്തിൽ വാണരുളുന്ന പരി. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവാ, തന്റെ പ്രഥമ ഭാരതസന്ദർശനത്തിൽ ദയറാപള്ളിയിൽ 2015 ഫെബ്രുവരി 9 ന് ചാപ്പലിനുള്ള അടിസ്ഥാന ശില ആശിർവദിച്ചത് ചാപ്പലിന്റെ ചരിത്രത്തിൽ അനുഗ്രഹത്തിന്റെ മുഹൂർത്തമായിരുന്നു.

ചാപ്പലിന്റെ ശിലാസ്ഥാപനം അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത, ചാപ്പലിന്റെ കാവൽ പരിശുദ്ധനായ മോർ പത്രോസ് ശ്ലീഹായുടെ പെരുന്നാൾദിനമായ 2016 ജൂൺ 29 ന് നിർവ്വഹിച്ചു.

ഈ ചാപ്പൽ ആരംഭിച്ച് കൃത്യം 10 വർഷങ്ങൾക്ക് ശേഷം 2019-ലെ ലാസറിനെ ഉയിർപ്പിച്ച ശനിയുടെ പിറ്റേദിവസം, നിർമ്മാണം പൂർത്തീകരിച്ച ചാപ്പലിന്റെ താക്കോൽ കൈമാറ്റം, ചാപ്പൽ പൂർണ്ണമായി നിർമ്മിച്ചു നൽകിയ തോമസ് ജോൺ കുളങ്ങരയുടെയും, സിബി തോമസ് കുളങ്ങരയുടെയും സാന്നിദ്ധ്യത്തിൽ ഈ ചരിത്രനിയോഗത്തിന്റെ പിന്നിൽ പ്രാർത്ഥനയോടെ പ്രവർത്തിച്ച കുളങ്ങര സാറിന്റെ സഹധർമ്മിണി ശ്രീമതി കുഞ്ഞമ്മ തോമസ് 2019 ഏപ്രിൽ 14ന് ദയറാപള്ളി വികാരി റവ. ഫാ. സ്കറിയാ മർക്കോസ് കൊച്ചുമങ്കരയ്ക്ക് നൽകി നിർവ്വഹിച്ചു.

സ്ഥലം വാങ്ങുന്നതു മുതൽ നിർമ്മാണ പ്രവർത്തനങ്ങൾക്കെല്ലാം മുമ്പിൽ നിന്ന് പ്രവർത്തിച്ച തോമസ് തോട്ടോത്ര, ജൂബി കൊല്ലംപറമ്പിൽ, ജിനോഷ് മാത്യു, മൂഴിപ്പാറ, എം. യു. ചാക്കോ മൂഴിപ്പാറ, അനിജ്.കെ. ഏബ്രഹാം കൊല്ലംപറമ്പിൽ, റിന്റു സഖറിയ നടുവിലേപ്പറമ്പിൽ, കെ. സി. ചാക്കോ കുന്നുംപുറം, എൻ. സി. ഫിലിപ്പ് നക്കര, സുമിത് കുരുവിള മാക്കോന്തറ, സിജോ പി.എസ്. പുത്തൻപറമ്പിൽ, സന്തോഷ് സ്കറിയ കാഞ്ഞിരപ്പള്ളി അതുപോലെ എല്ലാ പ്രോത്സാഹനങ്ങളും നല്കിയ എൻ. എ. മർക്കോസ് നടുവിലേപറമ്പിൽ കൂടാതെ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഏവരെയും നന്ദിയോടെ സ്മരിക്കുന്നു.

പരി. യോഹന്നാൻ സ്ലീഹായുടെയും പരി. പത്രോസ് സ്ലീഹായുടെയും അനുഗ്രഹത്താൽ ദയറാപള്ളിയുടെ ചരിത്രത്തിൽ 138 വർഷങ്ങൾക്ക് മുമ്പുള്ള തലമുറയ്ക്ക് ലഭിച്ച അതേ ദൈവ നിയോഗമാണ് ചാപ്പൽ പൂർത്തീകരണത്തിന് പൊതുയോഗം നിയോഗിച്ച ചാപ്പൽ നിർമ്മാണ കമ്മറ്റിക്ക് ലഭിച്ചത് എന്നത് വലിയ ദൈവാനുഗ്രഹമായി കരുതുന്നു.

പരുത്തുംപാറ ചാപ്പലിന്റെ ദശവത്സര ആഘോഷത്തിൽ (01.04.2009 – 30.04.2019) അതിമനോഹരമായി നിർമ്മിച്ച ചാപ്പലിന്റെ വിശുദ്ധീകരണം നടക്കുമ്പോൾ പരമകാരുണികനായ ദൈവത്തിന് സ്തുതി കരേറ്റുന്നു. ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തയോടും, അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയോടും, അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തയോടും അഭി. അയൂബ് മോർ സിൽവാനോസ് മെത്രാപ്പോലീത്തയോടും ഉള്ള ഭക്ത്യാദരവുകൾ രേഖപ്പെടുത്തുന്നു.

പ്രാർത്ഥനകൊണ്ടുംസഹകരണംകൊണ്ടും നമ്മെ അനുഗ്രഹിച്ച ദയറാപള്ളിയുടെ ഇപ്പോഴത്തെ വികാരി റവ.ഫാ. സ്ക്കറിയ മർക്കോസ് കൊച്ചുമങ്കര, ദയറാപ്പള്ളി ഇടവക വൈദികരായ റവ. ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ, റവ. ഫാ. ജോൺ മാത്യു മൂലംകുളം, റവ. ഫാ. ഡോ. തോമസ് ജേക്കബ് മണിമല, റവ. ഫാ. ഷെറിൻ കൊല്ലംപറമ്പിൽ, താല്ക്കാലിക ചാപ്പലിൽ വർഷങ്ങളായി വി. കുർബ്ബാന അർപ്പിച്ചുകൊണ്ടിരുന്ന റവ. ഫാ. കെ. കെ. ഏബ്രഹാം കുറ്റിയിൽ, റവ. ഫാ.ഏലിയാസ് പി. ഒ. പാറക്കുളം, ഈ കാലയളവിലെ മുൻ വികാരിമാർ, ട്രസ്റ്റി, സെക്രട്ടറി, നിർവ്വാഹക സമിതി അംഗങ്ങൾ എന്നിവരോടുള്ള നന്ദി സമർപ്പിക്കുന്നു.

ചാപ്പൽ നിർമ്മിക്കുന്നതിന് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയ അയൽവാസികളോടും നിർമ്മാണപ്രവർത്തനങ്ങൾ നിർവ്വഹിച്ച ശ്രീ. പുന്നുസ്കുട്ടി നന്ത്യാട്ടിനോടും പ്രത്യേകം നന്ദി അറിയിക്കുന്നു.

ദയറാപള്ളിയുടെ ഈ ചരിത്രനിയോഗത്തിന് പൊതുയോഗം ജനറൽ കൺവീനറായി എന്നെ ചുമതലപ്പെടുത്തിയതിലുള്ള നന്ദിയും ആയതിന്റെ സാക്ഷാത്കാരത്തിനായി ആത്മാർത്ഥമായി സഹകരിച്ച ചാപ്പൽ നിർമ്മാണത്തിന് എപ്പോഴും ഒപ്പമുണ്ടായിരുന്ന ചാപ്പൽ നിർമ്മാണ കമ്മറ്റിയംഗങ്ങൾ, ഇപ്പോഴത്തെ വികാരി, നിർവ്വാഹകസമിതി അംഗങ്ങൾ എന്നിവർക്കും ഹൃദ്യമായ നന്ദി സവിനയം അറിയിക്കട്ടെ. പരുത്തുംപാറ ചാപ്പൽ ദയറാപള്ളിയുടെ ചരിത്രസാക്ഷ്യത്തിന്റെ അലങ്കാരമായി ശോഭിക്കുമ്പോൾ തന്നെ, നമ്മെ ദൈവത്തിലേക്ക് നയിക്കുന്ന ഒരു ചൂണ്ടുപലകയായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പരി. യൂഹനോൻ ശ്ലീഹായുടെയും, പരി.പത്രോസ് ശ്ലീഹായുടെയും മദ്ധ്യസ്ഥത നമുക്കെന്നും കോട്ടയായിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഏവർക്കും ഹൃദയത്തിന്റെ അഗാധതയിൽ നിന്നും നന്ദി സമർപ്പിച്ച് പരുത്തുംപാറ സെന്റ് പീറ്റേഴ്സ് ചാപ്പൽ നമുക്കെന്നും ആത്മീയതയുടെ ദീപപ്രഭചൊരിഞ്ഞ് അനുഗ്രഹത്തിന്റെ ഉറവിടമായിത്തീർന്ന് ദൈവികതയിലേക്ക് നമ്മെ നയിക്കട്ടെയെന്ന് ആശംസിക്കുന്നു.

# സീനിയർ സിറ്റിസൺഷിപ്പ് ആക്ട് 2007- ഒരു വിവരണം

അഡ്വ. ഷാർലോ ജോർജ്ജ്, കോട്ടയം

തോമാചേട്ടന് വയസ്സ് 70 ആയി. ഭാര്യയും രണ്ടാൺമക്കളും അടങ്ങുന്ന കുടുംബം ആണ്‍ മക്കൾ രണ്ടുപേരും വിവാഹം കഴിച്ച് കുടുംബമൊക്കെയായി കഴിയുന്നു. താമസിക്കുന്ന 12 സെന്റ് ഭൂമി കൂടാതെ തോമാചേട്ടന് വേറെ ഒരു സ്ഥലംകൂടി ഉണ്ടായിരുന്നത് മൂത്ത മകന് എഴുതി കൊടുത്തു. ഇപ്പോൾ താമസിക്കുന്ന വീടും സ്ഥലവും കൂടെ താമസിക്കുന്ന മകന് സ്നേഹവാത്സല്യത്തിന്റെ പുറത്ത് എഴുതിക്കൊടുത്തു. അങ്ങനെ ഇരിക്കെ തോമാച്ചേട്ടന്റെ ഭാര്യ ആകസ്മികമായി മരണപ്പെടുന്നു ഭാര്യ മരിച്ചതുകൊണ്ടായിരിക്കാം തോമാച്ചേട്ടൻ ആദ്യം മാനസികമായും പിന്നീട് ശാരീരികമായും ക്ഷീണിതനായി തുടങ്ങി. മക്കൾക്ക് തോമാച്ചേട്ടൻ ഒരു അധികപറ്റാകാൻ പിന്നീട് അധികനാൾവേണ്ടി വന്നില്ല. മരുമകളുടെ ദുർമുഖം കാണിക്കലും മകന്റെ സ്നേഹക്കുറവും തോമാചേട്ടൻ അനുഭവിച്ചു തുടങ്ങി. എന്തെങ്കിലും എതിർത്തു പറഞ്ഞാൽ ഉടൻതന്നെ വീട്ടിൽനിന്നും ഇറക്കിവിടുമെന്ന ഭീഷണിയും. അപ്പോഴാണ് തോമാച്ചേട്ടന് വീടും സ്ഥലവും മകന്റെ പേരിലേക്ക് എഴുതികൊടുത്തത് ബുദ്ധിശൂന്യതയായി തോന്നിയത്. മകനും മരുമകളും സൗകര്യാർത്ഥം തോമാച്ചേട്ടനെ വൃദ്ധ സദനത്തിലേക്ക് ആക്കാനുള്ള കാര്യവും ആലോചിച്ചുതുടങ്ങി. ഈ സമയം തോമാച്ചേട്ടൻ ആകസ്മികമായി വിദ്യാഭ്യാസവും സാമാന്യം നിയമ പരിജ്ഞാനവുമുള്ള തന്റെ ഉറ്റ സുഹൃത്തായ ജയിംസിനെ കാണാനിടയായി. അദ്ദേഹത്തോട് തന്റെ ബുദ്ധിമുട്ടുകൾ വിവരിച്ചു. അദ്ദേഹം മകനും മരുമകളും ഉള്ള സമയത്ത് വീട്ടിൽ വരികയും സീനിയർ സിറ്റിസൺഷിപ്പ് ആക്ടിനെക്കുറിച്ചും മുതിർന്ന പൗരന്മാരുടെ അവകാശങ്ങളെക്കുറിച്ചും തോമാച്ചേട്ടന് കുടുംബ സഹിതം ഒരു ബോധവൽക്കരണം നൽകി. പിന്നീടെന്താണ് ഉണ്ടായത് എന്ന് നമുക്ക് ഊഹിക്കാവുന്നതേ ഉള്ളു. അതോടെ തോമാചേട്ടൻ കുറച്ചുനാൾ അനുഭവിച്ച മാനസിക വ്യഥയ്ക്ക് ഒരു വിരാമമുണ്ടായി. ഇവിടെസീനിയർ സിറ്റിസൺഷിപ്പ് ആക്ടിനെക്കുറിച്ചുള്ള അറിവില്ലായ്മയാണ് തോമാച്ചേട്ടന്റെ മാനോവ്യഥയ്ക്ക് കാരണമായത് ഈ ആക്ടിനെക്കുറിച്ചും അതിനോടനുബന്ധിച്ച് ഉത്ഭവിച്ച ചില കോടതിവിധികളെയും കുറിച്ച് മാന്യവായനക്കാർക്ക് വിവരിക്കട്ടെ.

**എന്താണ് സീനിയർ സിറ്റിസൺഷിപ്പ് ആക്ട്**

2007 മുതൽ ഈ ആക്ട് നിലവിൽവന്നെങ്കിലും 24/9/2008 മുതലാണ് കേരളത്തിൽ പ്രാബല്യത്തിൽ വന്നത്. 60 വയസ്സു കഴിഞ്ഞ മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ളതാണ് ഈ ആക്ട്. സ്വന്തമായി നിത്യവൃത്തിക്കു നിർവാഹമില്ലാത്തവർക്കും അവരുടെ സ്വത്തിനും മറ്റും ഉള്ള സംരക്ഷണത്തിനാണ് ഈ ആക്ട് നിലവിൽ വന്നത്. വൃദ്ധജനങ്ങൾക്ക് ഏറെ ആശ്വാസം പകർന്ന ഒന്നാണ്. ഈ നിയമം പ്രത്യേകിച്ചും സങ്കീർണ്ണങ്ങളായ സാഹചര്യങ്ങളാൽ പലപ്പോഴും ഏറെ ബുദ്ധിമുട്ടുകളും വേദനകളും അനുഭവിക്കുന്ന വൃദ്ധജനങ്ങൾക്ക് അനുഗ്രഹമാണെന്നുള്ളത് പ്രത്യേകം പ്രസ്താവയോഗ്യമാണ്. തന്റെ സ്വന്തം സമ്പാദ്യംകൊണ്ടോ, ഉടമസ്ഥതയിലുള്ള സ്വത്തുകൊണ്ടോ സ്വയം സംരക്ഷിക്കാൻ കഴിയാത്ത മാതാപിതാക്കന്മാർക്കും മുതിർന്ന പൗരന്മാർക്കും ഈ നിയമത്തിന്റെ ഗുണം അനുഭവിക്കാം. മുതിർന്ന പൗരന്മാർ എന്നാൽ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരെയാണ് ഈ നിയമത്തിൽ ഉദ്ദേശിക്കുന്നത്. മാതാപിതാക്കൾ എന്നാൽ ജീവശാസ്ത്രപരമായോ, ദത്തെടുപ്പുവഴിയോ, മാത്രമല്ല രണ്ടാനച്ഛനും, മാത്രമല്ല രണ്ടാനമ്മയുമൊക്കെ മാതാപിതാക്കളായി കണക്കാക്കാം.

**ഈ നിയമത്തിന്റെ പ്രയോജനം ആർക്കൊക്കെ ലഭ്യമാകും?**

മാതാപിതാക്കൾക്കും മറ്റു മുതിർന്ന പൗരന്മാർക്കും, സ്വത്തുകൈവശം വച്ചുകൊണ്ടിരിക്കുന്നതും മരണശേഷം പിൻതുടർച്ചാവകാശം ലഭിക്കുന്നതായ മക്കളിൽ നിന്നോ, ജീവനാംശവും മറ്റ് സൗകര്യങ്ങളും അവകാശപ്പെടാവുന്നതാണ്. യഥാർത്ഥ മാതാപിതാക്കൾ, രണ്ടാനച്ഛൻ, രണ്ടാനമ്മ എന്നിവർക്കും ഈ നിയമത്തിന്റെ ആനുകൂല്യം ലഭിക്കും. സ്വയം വരുമാനം കണ്ടെത്തി ജീവിക്കാനാകാത്ത മുതിർന്ന പൗരന്മാർക്കും ഈ നിയമപ്രകാരം അപേക്ഷ നൽകാം.

വകുപ്പ് -23 വസ്തു ഇടപാടുകൾ അസാധുവാക്കാം

ഈ ആക്ടിന്റെ 23-ാം വകുപ്പ് പ്രകാരം 24-9-2008 നു ശേഷം തങ്ങൾ നടത്തിയിട്ടുള്ള വസ്തു സംബന്ധമായ ക്രയവിക്രയങ്ങൾ മുതിർന്നവരുടെ അപേക്ഷപ്രകാരം ആവശ്യമെങ്കിൽ ട്രൈബ്യൂണലിന് റദ്ദാക്കാവുന്നതാണ്. തങ്ങളെ സംരക്ഷിക്കുകയും പരിപാലിക്കുകയും തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റി തരികയും ചെയ്യുമെന്ന നിബന്ധനയോടെ എഴുതിയിട്ടുള്ള ഇഷ്ടദാനയാധാരങ്ങളും മറ്റ് ആധാരങ്ങളും അതിലെ നിബന്ധനകൾ പാലിക്കാതെ വരുന്നപക്ഷം റദ്ദാക്കുന്നതിന് മുതിർന്ന പൗരന്മാർക്കും ട്രൈബ്യൂണലിൽ അപേക്ഷ നൽകാം മുതിർന്നവർക്ക് ജീവനാംശം ലഭിക്കുന്നതിന് അർഹതയുള്ള വസ്തുവകകൾ മറ്റ് അവകാശികൾ കൈമാറ്റം ചെയ്താൽ വസ്തു വാങ്ങിയ ആളിൽനിന്ന് (അയാൾക്ക് അറിവുണ്ടെങ്കിൽ) ജീവനാശം ഈടാക്കാം. എന്നാൽ ഈ കാര്യങ്ങൾ അറിയാതെ പണംകൊടുത്ത് വസ്തു വാങ്ങിയ വ്യക്തിയിൽനിന്ന് ഇത്തരത്തിൽ ജീവനാംശം ഈടാക്കാനാകില്ല. പക്ഷേ ഈ അടുത്ത കാലത്ത് വന്ന ചില കോടതി വിധികൾ സൂചിപ്പിക്കുന്നത് യാതൊരു വ്യവസ്ഥകളും ഇല്ലാത്ത ഇഷ്ടദാനയാധാരങ്ങളും, ആധാരങ്ങളും റദ്ദു ചെയ്യാൻ മുതിർന്ന പൗരന്മാർക്ക് അവകാശം ഉണ്ടെന്നുള്ളതാണ്. Radhamony V. State of Kerala (206 (1) KLTI 185, Shabeen Martin V Muriel ഇവയാണ് മേൽപറഞ്ഞ കോടതിവിധികൾ വിസ്താരഭയത്താൽ ഈ കോടതിവിധികൾ ഇവിടെ വിവരിക്കുന്നില്ല.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെ യും സംരക്ഷണ ചുമതല സൗകര്യപൂർവ്വം മറക്കുകയും അവരെ ഒഴി

*ശേഷം 46 -ാം പേജിൽ*

# ലൂയി ബ്രെയ്‌ലി- കാഴ്ചയില്ലാത്തവരുടെ മ്ശിഹ

എബി

ഇന്ന് ഇരുപതു വയസ്സ് എന്നു പറയുന്നത് കുട്ടിത്തം തീർത്തും വിട്ടുമാറാത്ത കൗമാര പ്രായമാണ്. ഈ പ്രായത്തിലെ ഒരാളുടെ കണ്ടുപിടിത്തം ഐതിഹാസമെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. ഇന്ന് രണ്ടു നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇതിന്റെ പ്രയോജനം ലോകത്തെമ്പാടുമുള്ള കോടിക്കണക്കിനാളുകൾ അനുഭവിച്ചു കൊണ്ടിരിക്കുന്നു. ആ മഹാനാണ് മൂന്നാമത്തെ വയസ്സിൽ അന്ധനായിതീർന്ന ലൂയി ബ്രെയ്‌ലി. കാഴ്ചയില്ലാത്തവർ വായിക്കാൻ ഉപയോഗിക്കുന്ന 'ബ്രെയ്‌ലി ലിപി'യുടെ ഉപജ്ഞാതാവാണ് അദ്ദേഹം. ലോകത്തിലെ നാലുകോടി അന്ധർക്ക് ഇന്നും ഇത് വലിയ അനുഗ്രഹമായി തുടരുന്നു. ഈ നാലു കോടിയിൽ ഒന്നരക്കോടിയും ഇൻഡ്യയിലാണെന്നുള്ളത് നമ്മെ വ്യാകുലപ്പെടുത്തുന്ന വസ്തുതയാണ്.



ഫ്രാൻസിൽ പാരീസിനടുത്തുള്ള ഒരു കൊച്ചു പട്ടണത്തിലാണ് ലൂയിബ്രെയ്‌ലി ജനിച്ചത്. (1809 ജനുവരി 4ന്). അച്ഛൻ സൈമൺ റ്യൂ ബ്രെയ്‌ലി. അമ്മ മോണിക്ക. ലൂയിയെ കൂടാതെ മറ്റൊരു മകനും രണ്ടു പെൺകുട്ടികളും അവർക്കുണ്ടായിരുന്നു. കുതിരക്ക് ജീൻ (saddle) ഉണ്ടാക്കുന്ന പണിയിലേർപ്പെട്ടിരിക്കുന്ന അച്ഛൻ ആ വരുമാനംകൊണ്ട് മാന്യമായി ജീവിച്ചു. സന്തുഷ്ടമായ കുടുംബം അല്ലലില്ലാതെ ജീവിച്ചു വരികയായിരുന്നു. അപ്പോഴാണ് അശ്രദ്ധകൊണ്ട് ഉണ്ടായ ചെറിയൊരപകടം കുടുംബത്തെ പ്രതിസന്ധിയിലാക്കിയത്.

അന്ന് ലൂയിക്ക് മൂന്നു വയസ്സായിരുന്നു. ഒരു ദിവസം അവൻ അച്ഛന്റെ വർക്ക്ഷോപ്പിലെത്തി പണിക്കോപ്പുകളെടുത്തു കളിക്കാൻ തുടങ്ങി. ഇതിനിടയിൽ അച്ഛൻ വലിയ സൂചിയെടുത്ത് തുകലിൽ തുളയിടുന്നത് അവൻ കൗതുകത്തോടെ നോക്കി നിന്നു. അച്ഛന്റെ ശ്രദ്ധ മറ്റെന്തിലേക്കോ തിരിഞ്ഞപ്പോൾ അവൻ അച്ഛനെപോലെ വലിയൊരു സൂചിയെടുത്ത് തുകലിൽ തുളയിടാനൊരു ശ്രമം നടത്തി. സൂചി അബദ്ധത്തിൽ തെന്നി ഒരു കണ്ണിൽ തുളച്ചു കയറി. ചികിത്സിച്ചെങ്കിലും ക്രമേണ ആ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. പിന്നീട് മറ്റെ കണ്ണിലേക്കും രോഗം പടർന്നു. ചികിത്സകളൊന്നും ഫലിച്ചില്ല. മൂന്നു വർഷം കഴിഞ്ഞപ്പോഴേക്കും അവൻ തീർത്തും അന്ധനായി. അപ്പോൾ ലൂയിക്ക് പ്രായം വെറും ആറുവയസ്സു മാത്രം. മാതാപിതാക്കൾ അവനെഒരു അന്ധവിദ്യാലയത്തിൽ ചേർത്തു. അവിടുത്തെ പ്രാകൃത രീതിയിലുള്ള പഠിത്തം അവനു പോരാതെ വന്നു. പുതിയ രീതികൾ കണ്ടുപിടിക്കാൻ അവൻ തല പുകഞ്ഞ് ആലോചിച്ചുകൊണ്ടിരുന്നു. കാഴ്ചയില്ലാത്തവർക്കും മറ്റുള്ളവരെപോലെ വായിക്കണം. ആത്മവിശ്വാസവും ദൃഢനിശ്ചയവും ലൂയിയെ പുതിയ വഴികളിലേക്കു തിരിച്ചുവിട്ടു. പത്താമത്തെ വയസ്സിൽ പാരീസിലെ 'റോയൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ബ്ലെൻഡ് യൂത്ത്' സ്ഥാപനത്തിൽ സ്കോളർ ഷിപ്പോടെ പ്രവേശനം ലഭിച്ചു.

അങ്ങനെയിരിക്കെ മുൻ പട്ടാളക്കാരനായ ചാൾസ് ബാർബിയർ ആ സ്കൂൾ സന്ദർശിക്കാനിടയായി. അദ്ദേഹം അക്കാലത്ത് പട്ടാളക്കാർ എഴുതാൻ ഉപയോഗിച്ചിരുന്ന രഹസ്യഭാഷയായ 'നൈറ്റ് റൈറ്റിംഗ്' എന്ന സമ്പ്രദായം വിവരിക്കയുണ്ടായി. ഇത് 1821 ലായിരുന്നു. പന്ത്രണ്ടു വയസ്സുകാരനായ ലൂയി അത് പെട്ടെന്ന് ഗ്രഹിച്ചെടുത്തു. അത് വികസിപ്പിച്ച് ഉയർന്നു നിൽക്കുന്ന കുത്തുകളുടെ വിന്യാസം വഴി സൗകര്യപൂർവ്വം വായിക്കാവുന്ന ലിപി രൂപപ്പെടുത്തി. ചില പരിഷ്ക്കാരങ്ങളോടെ ഇന്നു കാണുന്ന രൂപത്തിലാക്കി 1829 ൽ ആദ്യത്തെ ബ്രെയ്‌ലി പുസ്തകം ഇറക്കി.

അതിനുശേഷം കാഴ്ചയില്ലാത്തവർക്ക് വെളിച്ചമായി അന്ധനായ ആ അദ്ധ്യാപകൻ മരിക്കുന്നതുവരെയും അദ്ധ്യാപനവൃത്തി തുടർന്നു. ഇന്ന് അനേകം പുസ്തകങ്ങളും മാസികകളും മറ്റും ബ്രെയിൽ രീതിയിൽ പ്രചാരണത്തിലുണ്ട്.

മൂന്നാമത്തെ വയസ്സിൽ പറ്റിയ കൈപ്പിഴമൂലം ഉണ്ടായ അപകടത്തെ ലോകത്താകമാനമുള്ള അന്ധരുടെ നന്മയായി അദ്ദേഹം മാറ്റിയെടുത്തു. സ്ഥിരോത്സാഹവും ഉറച്ച ആത്മവിശ്വാസവും കൊണ്ടാണ് അത് നേടാനായത്.

1852 ജനുവരി 6-ന് 43-ാമത്തെ വയസിൽ 20-ാം വയസ്സിലെ കണ്ടുപിടുത്തംകൊണ്ട് ചരിത്രം സൃഷ്ടിച്ച കഥാപുരുഷൻ കഥാവശേഷനായി. സ്വയം കാഴ്ചയില്ലാതിരുന്നിട്ടും തന്റെ ഉൾക്കാഴ്ചകൊണ്ട് ലോകത്തുള്ള എല്ലാ കാഴ്ചയില്ലാത്തവർക്കും കാഴ്ച നൽകിയ മഹാനായ മനുഷ്യസ്നേഹിയാണ് ലൂയിബ്രെയ്‌ലി.



# മലർവാടിക്കൂട്ടം

കുറുക്കൻ അബദ്ധത്തിൽ കുറെ നായാട്ടു നായ്ക്കളുടെ കണ്ണിലകപ്പെടാൻ ഇടയായി. കുന്നും കുഴിയും താണ്ടി അവൻ ഓടി. നായ്ക്കൾ പിൻതുടർന്നപ്പോൾ വഴിയിൽ ഒരു മരംവെട്ടുകാരനെ കണ്ടപ്പോൾ അവൻ അപേക്ഷിച്ചു.

പ്രഭോ എനിക്ക് അഭയം നൽകിയാലും. എന്നെ കൊല്ലാൻ പാഞ്ഞടുക്കുന്നവരിൽ നിന്നും രക്ഷപ്പെടാൻ ഒരു സ്ഥലം കാണിച്ചുതന്നാലും. മരം വെട്ടുകാരൻ തന്റെ കുടിൽ കാണിച്ചുകൊടുത്തു. കുറുക്കൻ അകത്തു നുഴഞ്ഞു കയറി ഒരു മൂലയിൽ പതുങ്ങികിടന്നു. അപ്പോഴേക്കും നായാട്ടുകാർ അവിടെയെത്തി മരംവെട്ടുകാരനോട് ചോദിച്ചു. ഈ വഴി ഒരു കുറുക്കൻ ഓടിപ്പോകുന്നതു കണ്ടോ? ഹേയ് കണ്ടില്ല മരം വെട്ടുകാരൻ പറഞ്ഞു. രാവിലെ മുതൽ ഞാൻ ഇവിടെയുണ്ട്. ഒരു ജീവിയും ഇതിലെ പോയില്ല. ഇങ്ങനെ പറയുമ്പോഴും മരം വെട്ടുകാരന്റെ കൈ കുടിലിന്റെ നേരെ എന്തിനെന്നില്ലാതെ ചൂണ്ടികൊണ്ടിരുന്നു.

സംസാരത്തിനിടയിൽ ഈ വിരൽ ചൂണ്ടൽ അയാളുടെ സ്ഥിരം ഗോഷ്ടികളിൽ ഒന്നാവാം എന്നത്രെ നായാട്ടുകാർ കരുതിയത്. അവർ നായ്ക്കളേയും കൂട്ടി തിരിച്ചുപോയി.

ആപത്തൊഴിഞ്ഞു എന്നു ബോധ്യമായപ്പോൾ കുറുക്കൻ പതുക്കെ കുടിലിനു വെളിയിൽ വന്നു. മരംവെട്ടുകാരനോട് ഒരു വാക്കുപോലും ഉരിയാടാതെ സ്ഥലം വിടാൻ ഭാവിക്കുകയായിരുന്നു. ഒരു നിമിഷം നിൽക്കു സുഹൃത്തേ, മരം വെട്ടുകാരൻ വിളിച്ചു. ജീവൻ രക്ഷിച്ച ആതിഥേയനോട് ഒരു നന്ദിവാക്കുപോലും പറയാതെ നിങ്ങൾ ഓടിപ്പോകുന്നു. ഇത് എവിടുത്തെ മര്യാദയാണ്? കുറുക്കൻ പുച്ഛഭാവത്തിൽ പറഞ്ഞു 'മഹാനായ ആതിഥേയൻ' നാവിനോടു കാണിച്ച സത്യസന്ധത താങ്കൾ വിരലിനോടും കാണിച്ചിരുന്നെങ്കിൽ ഞാൻ താങ്കളെ നമസ്ക്കരിച്ച് നന്ദിപറഞ്ഞ് മാത്രമേ സ്ഥലംവിടുമായിരുന്നുള്ളു.

പ്രിയമുള്ള കൂട്ടുകാരെ വാക്കിലുള്ള ശുദ്ധി പ്രവൃത്തിയിലും കാണിക്കാത്തവരുടെ കൂട്ട് സുരക്ഷിതമല്ല. ചുറ്റുപാടുകളിൽ ധാരാളം പേരെ കാണാം. വാക്കൊന്ന് പ്രവൃത്തി മറ്റൊന്ന്. ഈ വിഭാഗക്കാരെ ഒരിക്കലും വിശ്വസിക്കാൻ സാധിക്കില്ല. ഈ വലകളിലും സാഹചര്യങ്ങളിലുമാകാതെ വാക്കിലും പ്രവൃത്തിയിലും സത്യസന്ധരാവണം.

**കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

(യെശയ്യാവ് 16-34,
വി. മത്തായി 1-14)

1. യോശിയാവിന്റെ പിതാവിന്റെ പേരെന്തായിരുന്നു?
2. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന് ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും"ഈ പ്രവാചകശബ്ദം ആരുടെ?
3. ഏതു രാജാവിന്റെ കാലത്താണ് യേശുക്രിസ്തു ജനിച്ചത്?
4. പുതിയനിയമത്തിലുള്ള ആദ്യത്തെ ചോദ്യം എന്ത്?
5. അർക്കലയോസിന്റെ പിതാവാര്?
6. എടോ യഹോവ നിന്നെ തൂക്കിയെടുത്തു ചുഴറ്റി എറിഞ്ഞു കളയും എന്നു പറഞ്ഞ പ്രവാചകൻ ആര്?
7. ഈ കല്ലുകളിൽ നിന്ന് അബ്രഹാമിനു മക്കളെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും എന്നു പറഞ്ഞതാര്?
8. 'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഉണ്ടായ ശബ്ദം എപ്പോൾ ആണ് കേട്ടത്?
9. യേശു മരുഭൂമിയിൽ ഉപവസിച്ചത് എത്ര ദിവസം ആയിരുന്നു?
10. എന്നു മുതലാണ് "യേശു സ്വർഗ്ഗരാജ്യത്തെക്കുറിച്ച്"

### മെയ് മാസത്തിലെ ഉത്തരങ്ങൾ

1. യേശുക്രിസ്തു (മത്തായി12:34)
2. തർത്താൻ (യെശ. 20:1)
3. യെശയ്യാവ് (20:3)
4. കാവൽക്കാരൻ (യെശ:21:12)
5. ദർശനതാഴ്‌വര (യെശ. 22:1)
6. ഓബേദ് (മത്താ.1:5)
7. മത്തായി (മത്താ. 6:9-13)
8. ശിഷ്യന്മാരെ (മത്തായി 8:26)
9. യെഹൂദ്യമരുഭൂമിയിൽ (മത്തായി 3:1)
10. പക്ഷവാതക്കാരനെ (മത്തായി 9:2)



# 30 – ാം വിവാഹവാർഷികം

12 – 06 – 2019

## തോമസ് & സലിനി

മൂലംകുളം, ചിങ്ങവനം

*ആശംസകളോടെ,*
*റ്റിലി & എൽദോ, റ്റിറ്റോ*

Advt - O





PROJECT BY

KNANAYA WEDDINGS.COM

# ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം
70254 22 022

ചിങ്ങവനം
94461 46000

info@knanayaweddings.com I knanayaweddings@gmail.com



## ഉന്നതവിജയം കരസ്ഥമാക്കി



Advt - R

Rajeev Gandhi University യിൽ നിന്നു Naturopathy (B.N.Y.S) ൽ M. D കരസ്ഥമാക്കിയ **Dr. Nikku Thomas** ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ ചിലമ്പട്ടുശ്ശേരിൽ Sunny Thomas ന്റെയും Cely യുടെയും മകനാണ്. ഇപ്പോൾ അമേരിക്കയിൽ Cruise ship ൽ ജോലി ചെയ്യുന്നു.

Best wishes

**Jayesh and Nintu, Loyal and Liya, Anoop and Achu.**

## ഉന്നതവിജയം കരസ്ഥമാക്കി



Advt -O

S.S.L.C പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ **അനുപ സൂസൻ ചാക്കോ** കാപ്പിൽ പുത്തൻ വീട്ടിൽ ജോജോ ജോസഫിന്റെയും ജെസിയുടെയും മകളാണ്. വെളിയനാട് ബേത്‌ലഹേം പള്ളി ഇടവകാംഗമാണ്.

## LIC MDRT കരസ്ഥമാക്കി
## അമേരിക്കയിലേക്ക്

LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA
KOTTAYAM DIVISION

MDRT®



**Saji T. K**
**Thazhathedathuparambil**
**Kurichy, Kottayam**
**Email. Sajitk444@gmail.com**
**Mob: 9447212555**
**9744863555**

Advt - S

അമേരിക്കയിൽ വച്ച് നടക്കുന്ന അന്താരാഷ്ട്ര ഇൻഷുറൻസ് സമ്മേളനത്തിലേക്ക് കോട്ടയം ബ്രാഞ്ച് II ൽ നിന്ന് ഒന്നാമത് തിരഞ്ഞെടുക്കപ്പെട്ട വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. നാളിതുവരെ എന്നോട് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

## 40 – ാം ചരമ ദിനം

**23 – 06 – 2019**



## സൂസ്സന്ന സജി (കുഞ്ഞുമോൾ)

**വല്ലേലിൽ, വള്ളംകുളം, തിരുവല്ല**

**"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"**

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

16 – ാം ചരമവാർഷികം
29 – 03 – 2019

4 – ാം ചരമവാർഷികം
22 – 06 – 2019



അച്ചാമ്മ ലൂക്കോസ്

ഇ. റ്റി. ലൂക്കോസ്

ഇടവഴിക്കൽ, ചിങ്ങവനം

സന്തപ്ത കുടുംബാംഗങ്ങൾ



40 – ാം ചരമദിനം
07 – 07 – 2019

എം. യു. ചാക്കോ

മൂഴിപ്പാറ, കുഴിമറ്റം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*Inserted by*

ഭാര്യ : സൂസി ചാക്കോ
മക്കൾ : ജൂലി, കൊച്ചുമോൻ, ജിലു
മരുമക്കൾ : ഷിജു, സുമി, റ്റിനോ
കൊച്ചുമക്കൾ : രഹനാ, ജോസുകുട്ടി, ജേക്കബ്, സൂസൻ, ആൻലിയ, നോഹിൻ, നോവിയ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

10 – 06 – 2019



# ശോശാമ്മ ചാക്കോ

**കുന്നേൽ, തെങ്ങേലി**

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 3 – ാം ചരമവാർഷികം

27-06-2019



# Mrs. Pennamma Zachariah

**W/o Subedar Zachariah M. C (Rtd)**

**Shan Nivas, Mundiyathara, Thengely**

മക്കൾ : Joshan, Roshan, Shan

മരുമക്കൾ : Shinta Joshan, Pretty Roshan, Soumya Shan

കൊച്ചുമക്കൾ : Aleena Joshan, Aneena Joshan, Alfeena Joshan
Jasmin Roshan, Jezlyn Roshan

By Sorrowing Family

## 40 – ാം ചരമദിനം

10 – 06 – 2019



# സാറാമ്മ ജേക്കബ് (മോളി – 62)

**മേലേത്ത് പേരുത്തറ, വള്ളംകുളം, തിരുവല്ല**

"ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്തു
ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 2 – ാം ചരമ വാർഷികം

10 – 07 – 2019



# എം. എ. തോമസ്

**മുക്കാട്ട്, കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 25 – ാം ചരമ വാർഷികം

07 – 06 – 2019



**A. T. ANDREWS** (കുഞ്ഞൂഞ്ഞ്)

കൊടിഞ്ഞൂർ

കവിയൂർ

*കുടുംബാംഗങ്ങൾ*

Advt - R

---

## 37 – ാം ചരമവാർഷികം

20 – 07 – 2019

## 25 – ാം ചരമവാർഷികം

07 – 07 – 2019



ഉതുപ്പാൻ അബ്രഹാം

അച്ചാമ്മ അബ്രഹാം

മറ്റത്തിൽ വീട്

വെള്ളൂത്തുരുത്തി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

---

## 28 – ാം ചരമവാർഷികം

20 – 06 – 2019

## 2 – ാം ചരമവാർഷികം

13 – 05 – 2019





കെ. റ്റി. ആൻഡ്രൂസ്

ശോശാമ്മ ആൻഡ്രൂസ്

നെടുഞ്ചിറ കൊമറത്തുംപറമ്പിൽ

ചെങ്ങളം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

---

## 20 – ാം ചരമ വാർഷികം

10 – 06 – 2019



ഇട്ടിയവിരാ കുര്യൻ

വാണിയപ്പുരയ്ക്കൽ, ഈര

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

# 6 – ാം ചരമവാർഷികം

07 – 07 – 2019



# Molly Jacob

## (W/o K. T. Jacob)

## Kannankeril House, Mannar

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ”

**Kannankeril & Kannanthanathu Family**

Advt - R



## 3 – ാം ചരമ വാർഷികം

07 – 06 – 2019

# വി. ഐ. ചെറിയാൻ

(കൊച്ചുമോൻ)

വരാത്ര, നീലംപേരൂർ

Advt - R

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

15 – 06 – 2019



## 27 – ാം ചരമവാർഷികം

03 – 06 – 2019



**Mariamma Kurian** (പെണ്ണമ്മ)

**M. C. Kurian**

മണിമല, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt - R

*സന്തപ്ത കുടുംബാംഗങ്ങൾ*

## 9 – ാം ചരമവാർഷികം

**28- 06-2019 (3286 – ാം ചരമദിനം)**



**ജോമോൻ ജേക്കബ്**

**കുന്നുംപുറത്ത്, ചിങ്ങവനം**

*ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി*

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 3 – ാം ചരമ വാർഷികം

**21-06-2019**



**എം. എ. കുഞ്ഞച്ചൻ (കുഞ്ഞുമോൻ)**

**മാളിയേക്കൽ,**

**ചെറുകുളഞ്ഞി, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R


**34 – ാം ചരമവാർഷികം 30-09-2019**

**25 – ാം ചരമവാർഷികം 20-07-2019**

**2 – ാം ചരമവാർഷികം 11-06-2019**

**8 – ാം ചരമവാർഷികം 13-07-2019**







**സ്കറിയ. എം. റ്റി (പാപ്പി സാർ)**

**ഏലിയാമ്മ സ്കറിയ**

**കെ. കെ. തോമസ് (പപ്പ)**

**അമ്മിണി തോമസ്**

**മുണ്ടയ്ക്കൽ, തിരുവൻവണ്ടൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 8 – ാം ചരമവാർഷികം

19 – 06 – 2019



**Aleyamma Mathunni**

**Mulamoottil**

**Kuttoor**

## 8 – ാം ചരമവാർഷികം

26 – 06 – 2019



**അഡ്വ. ജൂലി സുനിൽ**

**കല്ലുവെട്ടാംകുഴിയിൽ,**

**താഴത്തങ്ങാടി, കോട്ടയം**

## വേർപാടിന്റെ 6 – ാം വാർഷികം

**05-07-2019**



## Er. James K. Jacob (Vinumon)

B.Tech, M.S.

DOB : 27-04-1987

## 9 – ാം ചരമ വാർഷികം

**09-06-2019**



**മറിയാമ്മ ചാക്കോ**

DOB : 21-04-1933

**Kandathil Kaleeckal, Thiruvanvandoor**

കണ്ടുകൊതിതീരുംമുമ്പേ സ്നേഹിച്ചുമതിവരുംമുമ്പേ
ഞങ്ങളിൽനിന്നു വേർപെട്ടുപോയ പ്രിയപ്പെട്ട വിനുക്കുട്ടനെ
ഇനി നിത്യതയുടെ തീരത്തു കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

മറക്കാത്ത ഓർമ്മകളുമായി

Principal, Staff and Students
J.H.Lab, Kuttoor, Chengannoor
U.P.R. Institute, Angamaly

Advt - S



## 5 –ാം ചരമ വാർഷികം

16–06–2019

# കുര്യൻ മാത്യു

(അനിയച്ചൻ)

വടവുപറമ്പിൽ, റാന്നി

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

Advt -O

സന്തപ്ത കുടുംബാംഗങ്ങൾ

## 12 –ാം ചരമ വാർഷികം

20–06–2019



# കെ. സി. ജോസഫ് (പാപ്പച്ചൻ)

കോയിക്കൽ പുതുവേലിൽ

അങ്ങാടി, റാന്നി

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

Advt - S

സന്തപ്ത കുടുംബാംഗങ്ങൾ

## 2 –ാം ചരമ വാർഷികം

12–06–2019



# എൻ. ഐ. കുര്യൻ

നെടുന്തറ താഴ്ചയിൽ, കുറ്റൂർ, തിരുവല്ല


“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

Advt - S

സന്തപ്ത കുടുംബാംഗങ്ങൾ

## 2 – ാം ചരമ വാർഷികം

**14 – 06 – 2019**



# T. I. Thomas (Kunjachen)

**(Rtd. Asst. Engineer K.S.E.B)**

**തോട്ടുപുറത്ത്, എം.എം. വില്ല**

**തോലശ്ശേരി, തിരുവല്ല – 1**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്തു കാണാമെന്നുള്ളപ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 5 – ാം ചരമ വാർഷികം

**11 – 06 – 2019**



# കെ. സി. ജേക്കബ് (മോനിച്ചൻ)

**കരിയിൽ, പരുത്തുംപാറ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 12 – ാം ചരമ വാർഷികം

**23 – 06 – 2019**



# വി. ഇ. ഉതുപ്പാൻ (തങ്കച്ചൻ)

**ഒറ്റത്തൈയ്ക്കൽ, റാന്നി**

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## In loving Memory of



# A. Chacko

**Srampy Malayil, West Othera**

Called to Eternal Rest on 8th June 2015

Sorrowing Family

Advt -O

## 1 – ാം ചരമ വാർഷികം

16 – 06 – 2019



# വി. എം. ഏബ്രഹാം

**വടക്കേമുറിയിൽ, ഐത്തല, റാന്നി**


"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 7 – ാം ചരമ വാർഷികം

25 – 06 – 2019



# സി. പി. തോമസ് (ബേബി)

**ചെട്ടുവള്ളിൽ, തുരുത്തിക്കാട്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 3rd Death Anniversary

26 – 06 – 2019



# P. A. Andrews (Kunjumon)

**Panthrandamkuzhi (Vakathanam)**

**Tripunithura**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

By Sorrowing Family

Advt -R

## 1st Death Anniversary

26 – 05 – 2019



# Baiju Mathew

**Toronto, Canada**

**(Kanapuzha, Ranny)**

"You will live in our hearts forever"

Sorrowing Family

**Sheeba (Wife), Lianna (Daughter) and Reuben (Son)**

Advt -S




**M.940**

Computer Science Engineering (B.Tech) കഴിഞ്ഞ് Bangalore IT Company ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (23/5'6") ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (വിദേശത്തുള്ളവർക്ക് മുൻഗണന) Ph: 7994966534, 8217032854

**M.941**

